# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA

വാല്യം - 6 | ലക്കം : 09 | സെപ്റ്റംബർ 2011 | Annual Subscription Rs. 100/-


# ശുശ്രൂഷകന്മാരുടെ നിലപാടുമാറ്റം ജനത്തെ വഴിതെറ്റിക്കുന്നു

സുവിശേഷത്തിന്റെ കൊടുങ്കാറ്റുകൾ ആഞ്ഞുവീശിയ പാശ്ചാത്ത്യ നാടുകളെപ്പറ്റി ചരിത്രലിഖിതങ്ങളിൽ നിന്നു വായിക്കുമ്പോൾ പോലും ഉണർവ്വുണ്ടാകാറുണ്ട്. പ്രാർത്ഥനയുടെ തടവറകളിൽ ബന്ധിക്കപ്പെട്ടിരുന്ന ഈ നാടുകളിലെ വിശുദ്ധന്മാരുടെ ശുശ്രൂഷകൾ കാലത്തെ കീഴ്പ്പെടുത്തിയവ ആയിരുന്നു. എന്നാൽ ഇന്നലെകളിൽ ഉണർവ്വിന്റെ ജ്വാലകൾ ആളികത്തിയ പലയിടത്തും ധൂളിപോലും അവശേഷിക്കുന്നില്ല എന്നതാണ് ദുഃഖസത്യം. പാശ്ചാത്യനാടുകളിൽ കുടിയേറിപാർത്ത ശുശ്രൂഷകന്മാരും കേരളത്തിലെ ശുശ്രൂഷകന്മാരും ദൈവവചനം ശക്തിയായ് പ്രസംഗിക്കുന്നവരും ബൈബിൾ ക്ലാസ്സിൽ കൂടി ഉപദേശങ്ങൾ പഠിപ്പിക്കുന്നവരും ആയിരുന്നു. ആ നിലയിൽ വളർത്തികൊണ്ടു വന്ന സഭകൾ സ്വദേശത്തും വിദേശത്തും ഉണ്ട്. എന്നാൽ ആ നിലപാടുകളിൽ ഇന്ന് മാറ്റം വന്നിരിക്കുന്നു. ഉപദേശം വികലമായാൽ ഒരുക്കപ്പെടുന്ന മണവാട്ടിയും വികലമായിരിക്കും. ബ്യൂട്ടി പാർലർ നടത്തുന്ന ബ്യൂട്ടിഷ്യൻ സാമർത്ഥ്യമുള്ള വ്യക്തിയെങ്കിൽ അവിടെ ഒരുങ്ങാൻ ചെല്ലുന്ന മണവാട്ടി ഒരുക്ക ശേഷം പുറപ്പെടുമ്പോൾ കാഴ്ചക്ക് മനോഹരിയായിരിക്കും. ഇത് സത്യമാണെങ്കിൽ ദൈവദാസന്മാരുടെ വചന പാണ്ഡിത്യവും, അറിവും, ശുശ്രൂഷ പരിചയവും, ദൈവവചന പ്രമാണത്തിലെ തെറ്റാത്ത നിലപാടുകളും കർശനമെങ്കിൽ ആ ദൈവ ദാസന്റെ ശുശ്രൂഷ എൽക്കുന്ന സഭകളും (ക്രിസ്തുവിന്റെ സൗന്ദര്യമുള്ള കറ, ചുളുക്കും, വാട്ടം, മാലിന്യം ഇവ ഒന്നും ഇല്ലാത്ത) നിർമ്മലയായ ഒരു മണവാട്ടി ആയിരിക്കും. സഭയിൽ അംഗസംഖ്യ വർദ്ധിക്കുന്നതിനും ഉള്ള അംഗങ്ങൾ വിട്ടു പോകാതിരിക്കുവാനും നയങ്ങൾക്ക് തല്ക്കാലം മാറ്റം വരുത്താം എന്നാൽ ഉപദേശം സംബന്ധിച്ചുള്ള നിലപാടുകൾക്ക് മാറ്റം വരുത്തുവാൻ പാടില്ല. 'സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാകുന്നവനായി നിൽക്ക' എന്നാണ് പൗലോസ് തിമൊഥിയോസിനോട് പറഞ്ഞത്. വിശുദ്ധിക്കും വേർപാടിനും വേണ്ടി പെന്തക്കോസ്തിന്റെ ആദ്യ തലമുറ നിന്നു. അതേ ആത്മാവിൽ ആരാധിക്കുന്ന ദൈവമക്കളും ദൈവദാസന്മാരും നമ്മുടെ നിലപാടുകളിൽ മാറ്റം വരുത്തി. ആഭരണധാരണത്തെ പ്രോത്സാഹിപ്പിക്കാത്ത ഒരു ആത്മീകസംസ്ക്കാരമായിരുന്നു കേരള പെന്തക്കോസ്തിൽ ഉണ്ടായിരുന്നത്. അതുകൊണ്ട് തന്നെ കേരളക്കരയിൽ നിന്നും പാശ്ചാത്യനാടുകളിൽ ശുശ്രൂഷകരായി എത്തിയവരും ഇതേനില തുടർന്നു. ആഭരണം ഇട്ടു വരുന്നവർ വിശ്വാസസ്നാനം ഏറ്റവരാണെങ്കിൽ പോലും കർത്തൃമേശയിൽ പങ്കെടുക്കുവാൻ അനുവദിച്ചിരുന്നില്ല. ഇന്ന് ആഭരണം ധരിച്ചവർ മാത്രമല്ല വിശ്വാസസ്നാനം സ്വീകരിക്കാത്തവർക്കു പോലും കർത്തൃമേശയിൽ പങ്കെടുക്കാം എന്ന നിലയിലായി കാര്യങ്ങൾ. കേരളീയ മാതൃകയിൽ വളർന്നുവന്ന പലപാശ്ചാത്ത്യ സഭ

*ശേഷം 11-ാം പേജിൽ*

# 89-ാമത് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു


*റവ. ടിം ഹിൽ*


*റവ. കെൻ ആൻഡേഴ്സൺ*


*റവ. ഡെന്നിസ് ഹെപ്നർ*

**മുളക്കുഴ:** ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റ് 89-ാമത് ബിഗ് മുവ് ജനറൽ കൺവൻഷൻ 2012 ജനുവരി 16 മുതൽ 22 വരെ തിരുവല്ലയിലുള്ള ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും. റവ.ടിം ഹിൽ (ഫസ്റ്റ് അസിസ്റ്റന്റ് ജനറൽ ഓവർസിയർ), റവ. കെൻ ആൻഡേഴ്സൺ (ഫീൽഡ് ഡയറക്ടർ) , റവ.ഡെന്നിസ് ഹെപ്നർ (ഏഷ്യൻ സൂപ്രണ്ട്) എന്നിവർ മുഖ്യ പ്രസംഗകർ ആയിരിക്കും. 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്നതാണ് കൺവൻഷൻ തീം. ഈ കാലഘട്ടത്തിൽ ദൈവം ശക്തമായി ഉപയോഗിക്കുന്ന റവ.ടിം ഹില്ലിന്റെ ശുശ്രൂഷ ഈ പ്രാവശ്യത്തെ കൺവൻഷനിൽ വലിയ അനുഗ്രഹത്തിന് കാരണമാകും എന്ന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പി അറിയിച്ചു.


**ഉൾപ്പേജുകളിൽ**

2 ആത്മാക്കളുടെ നിഗൂഢതകളിലേക്ക്

4 എബ്രായ ലേഖന പഠനം

8 വധശിക്ഷ പ്രതീക്ഷിച്ച് ഒരു പാസ്റ്റർ

11 കള്ളത്തൂലിക ഒന്നു തൊടുവാൻ.

12 മോഹിച്ചു കൊണ്ട്!


# 30-ാമത് പെന്തക്കോസ്ത് കോൺഫറൻസ് ഹാമിൽട്ടണിൽ


റവ. ഈശോ ഫിലിപ്പ്


തോമസ് കുര്യൻ


ബെന്നി ജോൺ


റജി എബ്രഹാം


ബിജു ജോർജ്ജ്

**കരോളിന:** നോർത്തമേരിക്കയിൽ നടക്കുന്ന പ്രധാന മലയാളി ക്രൈസ്തവ സമ്മേളനമായ നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്തു കോൺഫറൻസിന്റെ (PCNAK) 30-ാമത് സമ്മേളനം കാനഡായിലെ ഹാമിൽട്ടൺ പട്ടണത്തിൽ 2012 ജൂലൈ 5 മുതൽ 8 വരെ നടക്കും. കോൺഫറൻസ് ഭാരവാഹികളായി പാസ്റ്റർ പി.എം. ഫിലിപ്പിന്റെ മകനും ഐപിസി സീനിയർ ശുശ്രൂഷകനുമായ റവ. ഈശോ ഫിലിപ്പ് നാഷണൽ കൺവീനറായും; ഐപിസി ഫാമിലി കോൺഫറൻസിന്റെ മുൻ സെക്രട്ടറിയും ന്യൂയോർക്ക് ഐപിഎയുടെ സെക്രട്ടറിയുമായ തോമസ് കുര്യൻ നാഷണൽ സെക്രട്ടറിയായും; ഡാളസ് റൈറ്റേഴ്സ് ഫോറം പ്രവർത്തകൻ ബെന്നി ജോൺ നാഷണൽ ട്രഷററായും; യുവജനസംഘാടകനും മിഷൻ കോർഡിനേറ്ററുമായ റജി എബ്രഹാം നാഷണൽ യൂത്ത് കോർഡിനേറ്ററായും തെരഞ്ഞെടുക്കപ്പെട്ടു. ലോക്കൽ കൺവീനർമാരായി റവ. ഡോ. കെ. ജി. ജോസിനെയും (പാസ്റ്റേഴ്സ്) സീയോൻ ഗോസ്പൽ അസംബ്ലിയുടെ മുൻ ട്രഷററും സംഘാടകനുമായ ബിജു ജോർജ്ജിനെയും (ബിലീവേഴ്സ്), ലോക്കൽ സെക്രട്ടറിയായി ബേബി ജോൺ, ലോക്കൽ ട്രഷററായി ജോയി ചാക്കോയെയും തെരഞ്ഞെടുത്തു.

# പതിനേഴാമത് ദൈവസഭാ സമ്മേളനം ന്യൂജേഴ്സിയിൽ


പാസ്റ്റർ പി.വി. മാത്യു


പാസ്റ്റർ സി. ഏ. ജോസഫ്


ബ്രദർ ഫിനോയ് ജോൺസൺ


ബ്രദർ വർഗ്ഗീസ് വർഗ്ഗീസ്


പാ. സന്തോഷ് പൊടിമല

**ന്യൂയോർക്ക്:** നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യ) ഫെലോഷിപ്പിന്റെ പതിനേഴാമത് ദേശിയ സമ്മേളനം 2012 ജൂലൈ 12 മുതൽ 15 വരെ ന്യൂജേഴ്സിയിൽ വെച്ച് നടക്കും. പ്രസ്തുത സമ്മേളനത്തിന്റെ ഭാരവാഹികളായി. പാസ്റ്റർ പി.വി മാത്യു (പ്രസിഡന്റ്) പാസ്റ്റർ സി.എ ജോസഫ് (വൈസ് പ്രസിഡന്റ്) ബ്രദർ ഫിനോയ് ജോൺസൺ (സെക്രട്ടറി) ബ്രദർ വർഗീസ് വർഗീസ് (ട്രഷറാർ) പാസ്റ്റർ സന്തോഷ് പൊടിമല (യൂത്ത് കോഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റിയെ തെരഞ്ഞെടുത്തു. മീഡിയാ കോർഡിനേറ്ററായി പാസ്റ്റർ രാജൻ ഏബ്രഹാം പ്രവർത്തിക്കുന്നു.

നാഷണൽ പ്രതിനിധികൾ: ബ്രദർ വിൽസൺ വർഗ്ഗീസ് കാനഡ, ബ്രദർ ഷാജി സാമുവേൽ ഡാളസ്സ്, പാസ്റ്റർ ബാബു എം. ജോൺ ഫ്ളോറിഡ, ബ്രദർ ഏബ്രഹാം ഫിലിപ്പ് ജോർജിയ, പാസ്റ്റർ ജോൺ തോമസ് ഹൂസ്റ്റൺ, പാസ്റ്റർ സ്റ്റീഫൻ ബഞ്ചമിൻ ന്യൂജേഴ്സി, പാസ്റ്റർ ജോൺസ് മാത്തൻ ന്യൂയോർക്ക്, ബ്രദർ കോശി എം. വർഗ്ഗീസ് ന്യൂയോർക്ക്, ബ്രദർ ജോസ് ഏബ്രഹാം ഒക്കലഹോമ, ബ്രദർ ചാണ്ടി ഏബ്രഹാം പെൻസിൽവാനിയ, ബ്രദർ ഏ.വി. ഡാനിയേൽ ടെന്നിസ്സി, പാസ്റ്റർ സാംകുട്ടി മത്തായി ഇല്ലിനോയ്സ്, പാസ്റ്റർ രാജൻ സാമുവേൽ കരോളിന, പാസ്റ്റർ ഷാജി ജോർജ് മിച്ചിഗൺ, പാസ്റ്റർ ജോജോ ഡാനിയേൽ മെക്കാലൻ - , ആഡിറ്റർ - ഇവാ. റോയി മേപ്രാൽ, ചർച്ച്ഗ്രോത്ത് - പാസ്റ്റർ കെ. ജെ. മാത്യു. ലേഡീസ് ഫെലോഷിപ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ സിസ്റ്റേഴ്സ് കുഞ്ഞമ്മ മാത്യു - പ്രസിഡന്റ്,

*ശേഷം 11-ാം പേജിൽ*

## ബ്രദർ പി...too




# വൈ.പി.ഇ. സംസ്ഥാന ക്യാമ്പ് മുളക്കുഴയിൽ

**മുളക്കുഴ:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റ് വൈ.പി.ഇ സംസ്ഥാന ക്യാമ്പ് മൗണ്ട് സിയോനിൽ വെച്ച് ഡിസംബർ 27, 28, 29 തീയതികളിൽ നടക്കും. ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വൈ.റെജി ഉദ്ഘാടനം നിർവ്വഹിക്കുന്ന ക്യാമ്പിൽ സിമ്പോസിയം , കൗൺസിലിംഗ് ക്ലാസ്സുകൾ, പ്രയിസ്സ് ആന്റ് വർഷിപ്പ്, ധ്യാന പ്രസംഗങ്ങൾ, ചർച്ചകൾ , വിവിധ ബൈബിൾ കലാ മത്സരങ്ങൾ തുടങ്ങി യുവജനങ്ങളുടെ ആത്മിയ വർദ്ധനവിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും ഉള്ള വൈ.പി.ഇ പ്രവർത്തകരുടെയും ഭാരവാഹികളുടെയും വമ്പിച്ച ആത്മീയ സംഗമം ആയിരിക്കും ഇത്. വിവിധ സെക്ഷനുകളിൽ പ്രഗത്ഭന്മാരായ ദൈവദാസന്മാർ നേതൃത്വം നൽകും. വൈ.പി.ഇ ഡേഓഫറിംഗ് എത്തിക്കാത്ത യൂണിറ്റുകൾ എത്രയും വേഗം കേന്ദ്ര ഓഫീസിൽ എത്തിക്കണമെന്ന് വൈ.പി.ഇ പ്രസിഡന്റ് അറിയിച്ചു.

# ഐറിൻ ആഞ്ഞു വീശി ആരാധനകൾ നടന്നില്ല!



**ന്യൂയോർക്ക്:** അമേരിക്കയുടെ ചില ഭാഗങ്ങളിൽ ആഞ്ഞു വീശിയ ഐറിൻ കൊടുങ്കാറ്റിനെ തുടർന്ന് വൻ നാശനഷ്ടങ്ങളും വെള്ളപ്പൊക്കവും രൂക്ഷമായി. വീടിന് പുറത്തിറങ്ങരുതെന്ന നിർദ്ദേശം ഉണ്ടായിരുന്നതിനാൽ സഭാരാധനകൾ നടന്നില്ല. പല വീടുകൾക്കുള്ളിലും ആരധനാലയങ്ങളിലും വ്യാപാര സമുച്ചയങ്ങളിലും വെള്ളം കയറി. വൈദ്യുതി ഗതാഗത ബന്ധങ്ങൾ സ്തംഭിച്ചു. ഭൂകമ്പത്തിന് പുറമേ ഐറിന്റെ വരവും അമേരിക്കയെ ഭയപ്പെടുത്തിയിരിക്കുകയാണ്.

YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Rev. Shibu K. Mathew B.D. M.Th.
Managing Editor
Rev. J. Joseph
Manager
K.M. Jacob
General Editor
Christy P. John
Editorial Director
John P. Ninan
Circulation Manager
Jacob Itty
Sub Editor
Rev. A.T. Joseph
Office Manager
Pr. Shaiju Thomas
Contributing Editors
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. P. P. Kurian
Nibu Vellavanthanam, Newyork
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Dubai: Rev. Babu Cherian
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
England: Rohit Joseph
Singapore: Manoj O. Jacob
Canada: Jaison Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Boston: Vinod
Washington Siatil:
Rev. M. G. Abraham
Okalahoma: Wilson John
California: Reni

Yuganthya Sandhesham
P.O. Box - 66
Thiruvalla - 1
Ph : 0469-2602838
Mob : 9349918737
E-mail:ysandhesham@saintly.com

പത്രാധിപലേഖനം

# കഞ്ഞിയും കറിയും കാക്കക്കുളിയും

**പ**ണ്ട് നാട്ടിൻ പുറങ്ങളിൽ കുട്ടികൾ കൂടുമ്പോൾ കളിക്കുന്നൊരു കളിയായിരുന്നു ഇത്. നിലനിൽക്കുന്ന കുടുംബം എന്ന യാഥാർത്ഥ്യത്തിന്റെ ഒരു അഭിനയമാണ് കഞ്ഞിയും കറിയും കളി. കഞ്ഞിയും കറിയും എത്ര ദൃഢമായാലും അത് കുടുംബം എന്ന യാഥാർത്തിന്റെ ഏഴ് അയൽപ്പക്കത്ത് പോലും എത്തുന്നില്ല. പെന്തക്കോസ്തിലെ കഞ്ഞിയും കറിയും കളി ഇന്ന് ഏറെ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ച പത്ര മാധ്യമ രംഗത്ത്. പുറംലോക മാധ്യമരംഗത്തെ മാതൃകയാക്കി ഇവിടെ പലരും കഞ്ഞിയും കറിയും കളിക്കുന്നു. സ്ഥാനപദവികളാൽ തന്നെ പുറംലോകവുമായി തുലനം ചെയ്താൽ നമ്മളെ ഫോട്ടോസ്റ്റാറ്റ് എന്ന് പോലും വിശേഷിപ്പിക്കാനുവുന്നില്ല. ഒരു മാസത്തെയും പതിനഞ്ച് ദിവസത്തെയും ഇടവേളകൾ ഉണ്ടായിട്ടും നമ്മൾക്ക് നിലവാരമുള്ളതും നൂറുശതമാനം സത്യസന്ധമായതും ലഭിക്കുന്നില്ല എന്നത് നിന്ദാകരം തന്നെ. കളിക്കൊടുവിൽ വഴക്കാളി പിള്ളാരെല്ലാം തല്ലിപ്പിരിയുന്നത് പോലെ കുട്ടിക്കളികൾ നമ്മുടെ പത്രത്തിൽ നിറഞ്ഞുനിൽക്കുന്നു. കാര്യഗൗരവമായതിലേക്കൊന്നും ശ്രദ്ധിക്കുന്നതേയില്ല. ഒരു മാസം കാത്തിരുന്നാലും നേരെ ചൊവ്വെ ഒരു വാർത്തപോലും കണ്ടെത്താതെ മറ്റ് പത്രത്തിന്റെ ആമാശയം ചികയുന്ന പ്രവരത്തി നാമെത്ര അലസരെന്ന് തെളിയിക്കുന്നു. പലകാര്യങ്ങളിൽ തലയിട്ട് വെറുതെ കറങ്ങുന്ന ഗ്രഹങ്ങളെയെല്ലാം തലയിലേറ്റി ഗൃഹപ്പിഴ വന്നവരായി ഒടുക്കം എങ്ങും എത്താത്ത വെപ്രാളമായി ഓരോ ലക്കവും അവസാനിക്കുന്നു. അല്പത്തിൽ വിശ്വസ്തർ എന്ന അധികപ്രസംഗം നടത്തുകയും അധിക കാര്യത്തിൽ വിചാരകത്വം ഏറ്റെടുക്കുകയും ചെയ്താൽ സർവ്വവും പരാജയം ആകും. ചുള്ളിക്കമ്പുകൾ പെറുക്കിക്കൂട്ടി ചിരട്ടക്കത്തിൽ വെള്ളമൊഴിച്ച് തീപിടിപ്പിക്കുമ്പോൾ ചിരട്ടയുടെ മൂട് കത്തി വെള്ളം വീണ് തീകെട്ടു. പിള്ളാരെല്ലാം നിരാശിതരായി. അയ്യോ ഒരു വിധത്തിൽ തീ പിടിപ്പിച്ചു. യാഥാർത്ഥ്യത്തോട് അല്പമെങ്കിലും സമാനതയുള്ള ആ തീപ്പൊരിയും കെട്ടുപോയി. ഇനി എങ്കിലും ചെല്ലപ്പേര് വിളിയും കളിയാക്കലും ജാടത്തഴമ്പുംകളഞ്ഞ് യാഥാർത്ഥ്യം തിരിച്ചറിയുക. അത് കുടുംബം ഇത് കഞ്ഞിം കറീം കളി........

എന്തൊക്കെയായാലും കാക്ക കുളിച്ചാൽ കൊക്കാകില്ല.

*എഡിറ്റർ*



**പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ**



തുടർച്ച

# ആത്മാക്കളുടെ നിഗൂഢതകളിലേക്ക്

**1988** ഫെബ്രുവരി മാസം 28-ാം തീയതിയിലെ സണ്ടേ സപ്ലിമെന്റിൽ ഒന്നാം പേജിൽ ഹാരിഷ് ഭാനോട്ട് എഴുതിയ 'പരലോകത്തു നിന്ന് സ്വന്തം നീരജ' എന്ന ലേഖനം പരിശോധിച്ചാൽ, അവരുടെ വീട്ടിൽ നീരജയുടെ മരണ ശേഷം സാധാരണ നടക്കുന്ന കാര്യങ്ങൾ പോലും വ്യക്തമായി പ്രേതാത്മാവ് സംസാരിക്കുന്നത് കാണാം. ജനത്തെ വിശ്വസിപ്പിക്കുവാൻ സാത്താൻ ഏത് അടവും സ്വീകരിക്കും. മരിച്ചു പോയവർ ജീർണ്ണിക്കുന്ന അവരുടെ ശരീരത്തിൽ നിന്ന് ആത്മാവായി വെളിയിൽ പോകുമെന്നും ജീവിച്ചിരിക്കുന്നവരുമായി സമ്പർക്കത്തിൽ ഏർപ്പെടുമെന്നുള്ള വിശ്വാസം പല മത വിഭാഗങ്ങളിലുമുണ്ട്. ഇത്തരം പുരാതന വിശ്വാസങ്ങളെ പുനർ ജീവിപ്പിക്കുവാനുള്ള ശ്രമങ്ങളിൽ ചില ആളുകൾ മുതിരുന്നത് കാണാം. മലയാള മനോരമയുടെ വാരാന്ത്യ പതിപ്പിൽ 1988 മാർച്ച് 6-ാം തിയതി മുതൽ ഏപ്രിൽ 3-ാം തിയതി വരെയുള്ള ലക്കങ്ങളിൽ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ എഴുതിയ ലേഖന പരമ്പര ഇത്തരം ശ്രമങ്ങളുടെ ഏറ്റവും പുതിയ മുഖമാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം മുതൽ മരിച്ചവരുടെ ആത്മാക്കളുമായി ബന്ധം പുലർത്തുവാൻ കഴിയുന്നവരെന്ന് പറഞ്ഞ് അനേകർ ജനങ്ങളെ കബളിപ്പിച്ചു. നമ്മുടെ നാട്ടിലും ഇത്തരം ഇടനിലക്കാരായ ആളുകൾ മരിച്ചവരുടെ ആത്മാക്കളുമായി ബന്ധം പുലർത്തി തരാം എന്ന അവകാശവാദവുമായി രംഗത്ത് എത്തിയിട്ടുണ്ട്. അന്ധവിശ്വാസപരമായ ധാരാളം കഥകൾ ഇന്ന് ലോകത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. ഒരു കാലത്ത് മരിച്ചവരുടെ ആത്മാക്കൾ പ്രേതങ്ങളായി തിരിച്ചു വരും എന്ന വിശ്വാസം നമ്മുടെ നാട്ടിൽ ശക്തമായിരുന്നു. എന്നാൽ ഇന്ന് അത് വിശ്വസിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരികയാണ്. എന്നാൽ ആസൂത്രിതമായ പ്രചാരണ പരിപാടികളുടെ പിൻബലത്തോടെ ഇത്തരം കഥകൾ നിലനിർത്തുവാനും പ്രചരിപ്പിക്കുവാനും ശ്രമിക്കുന്ന ചില സംഘടനകളുമുണ്ട്. അക്വേറിയൻ ഫൗണ്ടേഷൻ, മെറ്റാസയൻസ് ഫൗണ്ടേഷൻ, സൈക്കിക്ക് റിസേർച്ച് സെന്റർ എന്നിവ അവയിൽ ചിലത് മാത്രമാണ്.

**മരിച്ചവരുമായി സംസാരിക്കാനാവുമോ?**

വിശുദ്ധ വേദപുസ്തകം പറയുന്നത് മരിച്ചവർക്ക് ഒരു നാളും അവരെ ആക്കിയിരിക്കുന്ന സ്ഥലത്തു നിന്നും മടങ്ങി വരുവാൻ കഴിയില്ല എന്നാണ്. യാതനാ സ്ഥലത്തെ ധനവാന്റെ ഉപമയിൽ യേശു പറയുന്നത് 'ആർക്കും അവരവർക്ക് അനുവദിച്ചിരിക്കുന്ന സ്ഥലത്തു നിന്നും മാറുവാൻ കഴിയില്ല എന്നാണ്' (ലൂക്കോ: 16: 19-31). ഇത് വ്യക്തമാക്കുന്നത് മരിച്ചവരുടെ ആത്മാക്കൾ ചെന്നെത്തുന്ന സ്ഥലത്തു നിന്നും മറ്റൊരിടത്തേക്കും പോകുവാൻ ദൈവം അനുവദിക്കുന്നില്ല, ദൈവം അവർക്കായി നിർണയിച്ച സ്ഥലത്ത് തന്നെ അവർ കഴിയുന്നു. മരിച്ചവരുടെ വേഷവും ഭാവവും കെട്ടി സാത്താൻ അഭിനയം നടത്തി വഞ്ചിക്കുന്നു, ആരുടെ വേഷം കെട്ടുന്നതിനും സാത്താനറിയാം. മരിച്ചവർ മടങ്ങിയെത്തിയിരുന്നെങ്കിൽ ലോകത്തിന്റെ ഗതി തന്നെ മറ്റൊന്നാകുമായിരുന്നു, അവരുടെ വിലാപങ്ങളും പ്രതികരണങ്ങളും മനുഷ്യർക്ക് അനുഭവപ്പെടുമായിരുന്നു.

പരേതരുടെ ആത്മാക്കളുമായി സമ്പർക്കം പുലർത്തുന്നവരാണ് സ്പിരിച്ചലിസ്റ്റുകൾ.ചിലരുടെ ശരീരത്തിൽ തങ്ങളുടെ മരിച്ചു പോയവരുടെ ആത്മാക്കളെ ആവാഹിപ്പിച്ച് അവരോട് സംസാരിച്ച് പൂർവ്വ കാര്യങ്ങളെയും ഭാവികാര്യങ്ങളെയും ആരായുന്നു. ഈ ആത്മാക്കൾ മരിച്ചവരുടെ ആത്മാക്കളല്ല മറിച്ച് ദുരാത്മാക്കൾ ഇവരുടെ ശരീരത്തിൽ പ്രവേശിച്ച് മരിച്ചു പോയവരുടെ സ്വഭാവം സ്വീകരിക്കുകയാണ് ചെയ്യുന്നത്.

**കുറ്റബോധം**

ഏതു മനുഷ്യനും നേരിടുന്ന ഏറ്റവും പ്രയാസകരമായ ഒന്നാണ് കുറ്റബോധം. ഈ ഒരു ചിന്ത ആത്മാക്കളുമായി ബന്ധം പുലർത്തുന്നു എന്ന അവകാശവാദം ഉന്നയിക്കുവാൻ പലരേയും പ്രേരിപ്പിക്കുന്നു. മരണശേഷം നിലനിൽക്കുന്ന ഒരു ആത്മാവുണ്ടെന്നു വിശ്വസിക്കുന്ന ഒരാളെ സംബന്ധിച്ചടത്തോളം, മരിച്ചു പോയവരോട് ചെയ്ത അനീതി, അവരോട് നൽകിയ വാഗ്ദാനങ്ങളുടെ ലംഘനം എന്നിവ ഒരു നിരന്തര പീഡനം പോലെ വേട്ടായാടിക്കൊണ്ടിരിക്കും. ഈ അവസ്ഥയിൽ, അതിനെ അതിജീവിക്കാൻ ഉപബോധമനസ്സ് കണ്ടുപിടിക്കുന്ന ഉപാധിയാണ് ഇത്. ഈ സ്വയം പീഡനത്തെ അതിജീവിക്കാനുള്ള ശ്രമമാണ് പലപ്പോഴും ആത്മാക്കൾ തേടിയെത്തുന്നു എന്ന അവകാശവാദത്തിന് കാരണമാകുന്നത്.

**ന്യായികരണം ആത്മാവിലൂടെ.**

മരിച്ചവർക്ക് ഒരിക്കലും മടങ്ങി വരുവാൻ കഴിയില്ല എന്നത് പരമാർത്ഥമായ ഒരു സത്യമാണ്. എന്നാൽ മരിച്ചു പോയവർ ജീവിച്ചിരുന്നപ്പോൾ അവരോട് ചെയ്ത അധാർമ്മികത നിമിത്തവും, ന്യയികരിക്കാനാവത്ത കാരണം കൊണ്ടും തങ്ങളുടെ പ്രവർത്തികൾക്ക് ന്യായികരണം ലഭിക്കുവാൻ ഒരു ആത്മാവിന്റെ കഥ ബോധപൂർവ്വം അവതരിപ്പിക്കുന്നതിന് ശ്രമിക്കുന്നു. ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവർ ശരിക്കും കൃത്രിമക്കാരായി ജനത്തെ വഞ്ചിക്കുകയാണ് ചെയ്യുന്നത്.ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ മലയാള മനോരമയുടെ 'ദി വീക്കിൽ' എഴുതിയ ലേഖനത്തിൽ ഒരു അനുഭവം വിവരിക്കുന്നുണ്ട്. മിസിസ് വൈറ്റ് സുന്ദരിയായിരുന്നു. പൈലറ്റ് ആയിരുന്ന അവരുടെ ഭർത്താവ് അകാലത്തിൽ ഒരു അപകടത്തിൽ മരിച്ചു. അധികം വൈകാതെ ഒരു ദിവസം ഒരു ഡാൻസ് ഹാളിൽ വെച്ച് നൃത്തം ചെയ്യുന്ന അവസരത്തിൽ ഡൗഡിംഗ് പ്രഭു അവരെ നൃത്തത്തിന് ക്ഷണിച്ചു. സുന്ദരിയായ ഈ വിധവയായ യുവതിയോട് നൃത്തത്തിനിടയിൽ അദ്ദേഹം വിവാഹ അഭ്യർത്ഥന നടത്തി. രണ്ടാമതൊന്ന് ആലോചിക്കാതെ അവർ വിവാഹത്തിന് സമ്മതിക്കുകയും വിവാഹിതയാവുകയും ചെയ്തു. ഈ വിവാഹത്തെ അവർ ന്യായികരിക്കുന്നത് പരേതനായ അവരുടെ ഭർത്താവ് ഒരു ദിവസം സ്വപ്നത്തിൽ അവരോട് പറഞ്ഞുവത്രേ; ' നീ എന്തിന് ഇങ്ങനെ ഒറ്റക്ക് നടക്കുന്നു. നിനക്ക് ഒരു വലിയ പ്രഭുവിനെ വിവാഹം ചെയ്യുന്നതിനുള്ള സാദ്ധ്യതയുണ്ട്; ചെയ്തു കൊൾക അതാണ് നല്ലത്; ഞാൻ അതിനാണ് നിന്നെ പ്രേരിപ്പിക്കുന്നത്' എന്ന് പറഞ്ഞു. ഈ കഥ പരിശോധിച്ചാൽ, പിന്നിട് ലേഡി ഡൗഡിംഗ് ആയ മിസിസ് വൈറ്റിന്റെ ആവശ്യത്തിൽ നിന്നും ഉടലെടുത്തതാണ് പരേതാത്മാവിന്റെ ഈ സംഭാഷണം എന്ന് മനസ്സിലാക്കാം. കൃത്രിമമായ അവകാശവാദം പലപ്പോഴും മനുഷ്യരെ വഞ്ചിക്കുന്നതിനുള്ളതാണ്.ജീവന്റെ അവസാനത്തിങ്കിൽ മനുഷ്യ ശരീരത്തിന് വെളിയിൽ പോകുന്ന ആത്മാവ് ദൈവം ഒരുക്കിയ സ്ഥലത്ത് കഴിയും ഒരു നാളും വീണ്ടും തിരിച്ചു വരുന്നില്ല, മറിച്ചുള്ളത് മനുഷ്യന്റെ പ്രാകൃതമായ ഭാവന മാത്രമാണ്. ശരീരത്തിലാവെട്ടെ, ഒരോ ദിവസവും പതിനായിരക്കണക്കിന് കോശങ്ങൾ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. ജീവൻ ഉല്പാദിക്കപ്പെടുന്ന പ്രക്രിയ നിലയ്ക്കുന്നതിനെയാണ് മരണം എന്നു പറയുന്നത്.മരണശേഷം ആത്മാക്കൾക്ക് എന്തു സംഭവിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. സെമിറ്റിക്ക് മതങ്ങൾ പുലർത്തുന്ന വിശ്വാസങ്ങളും ക്രിസ്ത്യാനിത്തത്തിന്റെ വിശ്വാസവും ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അന്ത്യ കാഹളനാദത്തിങ്കൽ മരിച്ചവർ ജീവിച്ചിരുന്ന കാലത്തെ രൂപത്തോടെ ഉയിർത്തെഴുന്നേല്ക്കും.

കവിത



# പ്രമാണം



**ഓ. സാംകുട്ടി**

സ്വന്തജനത്തിനു കല്പനയേറ്റിടാൻ
മോശ കടന്നുപോയി സീനായിയിൽ
ദൈവത്തിൻ പ്രഭ കണ്ട മോശയുടെ മുന്നിലായ്
മുൾപ്പടർപ്പിൽ ധ്വനി കല്പനയായ്
പാടില്ല മറ്റൊരു ദൈവം നിനക്കിനി
പാടില്ല വിഗ്രഹാരധന
എടുക്കേണ്ട ദൈവത്തിൻ നാമം വൃഥാവായ് നീ
എടുക്കല്ലേ ജോലികൾ ശബ്ബത്തു നാളിൽ
ഹനികൂടാ നിന്നുടെ നാളുകൾ നീളുവാൻ
മാനിച്ചാൽ മാതാപിതാക്കളെയും
കുല വ്യഭിചാരം മോഷണം ചെയ്യല്ലേ
പറയാതൊരിക്കിലും കള്ളസാക്ഷി
അയൽക്കാരാൻ തന്നുടെ അവകാശത്തിൽപ്പെട്ട
യാതൊന്നിനെയും നീ മോഹിക്കല്ലേ.

# പി.സി.ഐ ഒക്കലഹോമ റീജിയന് പുതിയ ഭരണ സമിതി



*റീജിയൻ ഭാരവാഹികൾ തോമസ് വടക്കേക്കുറ്റിനോടും കെ.എൻ.റസ്സലിനോടുമൊപ്പം*

**ഒക്കലഹോമ:** പി.സി.ഐ ഒക്കലഹോമ റിജിയന്റെ 2011–2013 കാലഘട്ടത്തേക്കുള്ള പുതിയ ഭരണ സമിതി അധികാരമേറ്റു. പാസ്റ്റർ പോത്തൻ കെ വർഗീസ്(പ്രസിഡന്റ്) ബ്രദർ തോമസ് വറുഗീസ് (വൈസ് പ്രസിഡന്റ്) പാസ്റ്റർ പി.സി.ജേക്കബ് (വൈസ് പ്രസിഡന്റ്) ബ്രദർ കുര്യൻ സക്കറിയ (സെക്രട്ടറി) പാസ്റ്റർ എം.ജെ എബ്രഹാം (ജോ.സെക്രട്ടറി),പാസ്റ്റർ തേജസ് തോമസ് (മീഡിയ കൺവീനർ) ബ്രദർ ഏബ്രഹാം വറുഗീസ് (ട്രഷറാർ), പാസ്റ്റർ ബെന്നി പാപ്പച്ചൻ (ചാരിറ്റി കൺവീനർ), കമ്മറ്റി മെമ്പർമാരായി ബ്രദർ ബിജു മാത്യു, ബ്രദർ സാം വടക്കേക്കുറ്റ്, ബ്രദർ കെ.വി.എബ്രഹാം, ബ്രദർ അലക്സാണ്ടർ വറുഗീസ്, ബ്രദർ കുഞ്ഞുമോൻ കോശി എന്നിവരെ തിരഞ്ഞെടുത്തു.പി.സി.ഐയുടെ പ്രസിഡന്റ് തോമസ് വടക്കേക്കുറ്റും, സെക്രട്ടറി കെ.എൻ റസലും ഈ യോഗത്തിൽ സന്നിഹിതരായിരുന്നു.

## സംസ്ഥാന ജനറൽ ക്യാമ്പ്

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെ പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും, ന്യൂ ലൈഫ് യൂത്ത് ഫെലോഷിപ്പിന്റെയും സംയുക്ത സംസ്ഥാന ജനറൽ ക്യാമ്പ് പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 5,6,7 തീയതികളിൽ നടക്കും. 'ക്രിസതു യേശുവിലുള്ള ഭാവം' എന്നതാണ് ചിന്താവിഷയം

സെപ്റ്റംബർ 5ന് സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ക്യാമ്പ് ഉത്ഘാടനം ചെയ്യും. ഡോ ജെയ്സൺ തോമസ്, പാസ്റ്റർ.റ്റി.വി പോത്തൻ, പ്രഫ. മാത്യു.പി.തോമസ്, പാസ്റ്റർ ഷാജി തോമസ്, റവ.വി.സി യോഹന്നാൻ, റവ.ഷാജി.സി.ഡി, ഡോ.ജെസി ജെയ്സൺ, റവ.സി,വി.ജേക്കബ്, ബിജു മാത്യു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. ബ്രദർ ജോൺ ജേക്കബ്, സിസ്റ്റർ ബെറ്റി ജോൺ ജേക്കബ് എന്നിവരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് ഉണ്ടായിരിക്കുന്നതാണ്. ഗാന ശുശ്രൂഷകൾക്ക് ന്യൂ ലൈഫ് ഗോസ്പൽ സിംഗേഴ്സ് നേതൃത്വം നൽകും.സംസ്ഥാന സെക്രട്ടറിമാരായ പാസ്റ്റർ ജെ.യേശുദാസ്, പാസ്റ്റർ കെ.വിജയൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

## റീജിയൻ കൺവൻഷൻ സമാപിച്ചു



*പാസ്റ്റർ എം.ജി ജോൺ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു.*

**ന്യൂയോർക്ക്:** അസംബ്ലീസ് ഓഫ് ഗോഡ് നോർത്ത് അമേരിക്കൻ ഫെലോഷിപ്പിന്റെ ഈസ്റ്റേൺ റീജിയൻ 22–മത് കൺവൻഷൻ സംയുക്ത ആരാധനയോടും കർത്തൃ മേശയോടും കൂടി സമാപിച്ചു.ന്യൂയോർക്ക് മിനിയോളയിലെ ഷാമിനേഡ് ഓഡിറ്റോറിയത്തിൽ വെച്ചാണ് കൺവൻഷൻ നടന്നത്. പ്രസിഡന്റ് പാസ്റ്റർ എം.ജി ജോൺ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത യോഗത്തിൽ റവ.ഡേവിഡ് ഇ സ്റ്റ്യുവർട്ട് ദൈവവചനം ശുശ്രൂഷിച്ചു. വിവിധ സഭകളുടെ മ്യൂസിക് ട്രൂപ്പുകൾ ഗാന ശുശ്രൂഷക്ക് നേതൃത്വം നൽകി.ഫെലോഷിപ്പ് സെക്രട്ടറി ബ്രദർ ഫിലിപ്പ് ദാനിയേൽ, ട്രഷറാർ ബ്രദർ ജിജി വർഗീസ് എന്നിവർ ഈ യോഗങ്ങൾക്ക് നേതൃത്വം നൽകി.

## കൺവൻഷൻ സമാപിച്ചു

**വെംബ്ലി:** വെംബ്ലി ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ചിന്റെ നേതൃത്തിൽ നടന്ന മൂന്നു ദിവസത്തെ കൺവൻഷൻ സമാപിച്ചു. വെംബ്ലിയിലെ സാറ്റാവിസ് പതിധാർ സെന്ററിൽ വെച്ച് നടന്ന കൺവൻഷനിൽ പാസ്റ്റർമാരായ വർഗീസ് എം.ശാമുവേൽ, ഫിന്നി ജോഷ്വാ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ഗാനശുശ്രൂഷക്ക് ഡ.ബ്ലു,സി.റ്റി ക്വയർ നേതൃത്വം നൽകി. ഈ യോഗങ്ങൾക്ക് പാസ്റ്റർ ജെയ്സ് ജോർജ്ജ്. ജോയി മാത്യു എന്നിവർ നേതൃത്വം നൽകി.

## വാർഷിക കൺവൻഷൻ

**ന്യൂയോർക്ക്:** എബനേസർ ഫുൾ ഗോസ്പൽ അസംബ്ലിയുടെ വാർഷിക കൺവൻഷൻ ന്യൂയോർക്കിലെ എബനേസർ പ്ലീസ്സിൽ നടന്നു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി ദൈവവചനം ശുശ്രൂഷിച്ചു ഈ യോഗങ്ങൾക്ക് പാസ്റ്റർ ജോസഫ് സാമുവേൽ, പാസ്റ്റർ ജോൺ ജോൺസൻ, ബ്രദർ ജോസ് ദാനിയേൽ എന്നിവർ നേതൃത്വം നൽകി.

## ആലയ സമർപ്പണ ശുശ്രൂഷയും, സെന്റർ കൺവൻഷനും

**കീഴ്വായ്പ്പൂർ:** ന്യൂ ഇൻഡ്യ ബൈബിൾ ചർച്ചിനു വേണ്ടി പുതുതായി പണിത ആലയത്തിന്റെ സമർപ്പണ ശുശ്രൂഷയും സെന്ററിന്റെ കൺവൻഷനും കീഴ് വായ്പ്പൂർ സഭയിൽ വെച്ച് നടന്നു. സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് സമർപ്പണ ശുശ്രൂഷ നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ തിരുവല്ല എം.എൽ.എ. ശ്രീ. മാത്യു ടി തോമസ് ആശംസ അറിയിച്ചു. തുടർന്ന് നടന്ന കൺവൻഷനിൽ ഡോ.ജെയ്സൺ തോമസ്, പാസ്റ്റർമാരായ എബി ഏബ്രഹാം, റജി.കെ.തോമസ്, അനു തോമസ്, ഷാജി.സി.ഡി എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ഈ യോഗങ്ങൾക്ക് സഭാ ശുശ്രൂഷകൻ പാസ്റ്റർ തോമസ് വർഗീസ് നേതൃത്വം നൽകി.

## താലന്തുപരിശോധന

**പത്തനംതിട്ട :** സി.ഇ.എം. പത്തനംതിട്ട ഡിസ്ട്രിക്റ്റ് താലന്തുപരിശോധന ഓഗസ്റ്റ് 15 ന് കീക്കൊഴൂർ ശാരോൻ ചർച്ചിൽ നടന്നു. മേക്കൊഴൂർ ചർച്ച് തുടർച്ചയായി നാലാം വർഷവും ഓവറോൾ ചാമ്പ്യന്മാരായി. സമ്മാനദാനം ഡിസ്ട്രിക്റ്റ് മിനിസ്റ്റർ പാസ്റ്റർ എം. ജെ. ശമുവേൽ നിർവ്വഹിച്ചു.

# ഐ.പി.സി. കേരളാ സ്റ്റേറ്റിൽ പ്രീ മാരിറ്റൽ കൗൺസിലിംഗ് നിർബന്ധമാക്കുന്നു



**കുമ്പനാട്:** ഐ.പി.സി. കേരളാ സ്റ്റേറ്റിൽ പ്രീ മാരിറ്റൽ കൗൺസലിംഗ് നിർബന്ധമാക്കി. കേരളാ സ്റ്റേറ്റ് ആക്ടിംഗ് പ്രസിഡന്റ് പാസ്റ്റർ കെ.സി തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സ്റ്റേറ്റ് കൗൺസിലാണ് ഈ തീരുമാനമെടുത്തത്. കേരളത്തിൽ വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങളും, ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളും, നിമിത്തം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റാണ് ആദ്യം ഈ തീരുമാനമെടുത്തത്. അതിന്റെ ചുവടു പിൻപറ്റി ഐ.പി.സി കേരളാ സ്റ്റേറ്റും വിവാഹ പൂർവ്വ കൗൺസലിംഗ് നിർബന്ധമാക്കി. ഐ.പി.സി കേരളാ സ്റ്റേറ്റിലെ സഭകളുടെ ചുമതലയിൽ നടക്കുന്ന വിവാഹങ്ങൾക്ക് വിവാഹ പൂർവ്വ കൗൺസിലിംഗിൽ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഇതു സംബന്ധിച്ചുള്ള പ്രേമേയം സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി തോമസ് അവതരിപ്പിച്ചു. ബ്രദർ കുര്യൻ ജോസഫ്, പി.എം ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

## താലന്തു പരിശോധന




**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് വൈ.പി.ഇയുടെ ബാഗ്ളൂർ ഡിസ്ട്രിക്ട് വാർഷിക താലന്തു പരിശോധന ബന്നാർഗട്ട ദൈവ സഭയിൽ വെച്ച് നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ പി.ജി പോൾ ഉദ്ഘാടനം ചെയ്തു. 250 കുട്ടികൾക്ക് പങ്കെടുത്ത താലന്തു പരിശോധനയിൽ ഹൊസുർ ദൈവ സഭ ഒവറോൾ ചാമ്പ്യൻഷിപ്പ് നേടി.പാസ്റ്റർമാരായ ജോസഫ് ജോൺ, ബിജു ബി. ജോസഫ് എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

## പെൺകുട്ടിക്ക് മർദ്ധനം

**നെയ്റോബി :** ഇസ്ലാം ഭൂരിപക്ഷ രാജ്യമായ കെനിയയിൽ സുവിശേഷത്തിൽ ആകൃഷ്ടയായി ഇസ്ലാമതം വിട്ട് ക്രിസ്തുവിനെ സ്വീകരിച്ചതിന്റെ പേരിൽ 14 വയസുകാരിയായ പെൺകുട്ടിയ്ക്ക് തന്റെ പിതാവിൽ നിന്നും പീഢനം ഏൽക്കേണ്ടി വരികയും, തൽഫലമായി കാലുകളുടെ ചലനശേഷി നഷ്ടപ്പെടുകയും ചെയ്തു. കെനിയയിലെ കാസെസ് ജില്ലയിലെ, ഇസാൻഗോ ഗ്രാമത്തിലാണ് സംഭവം നടന്നത്. ക്രിസ്ത്യൻ മിഷണറിമാരുടെ സുവിശേഷ പ്രവർത്തനത്തിന്റെ പരിണിത ഫലമാണ് ഈ പെൺകുട്ടി ക്രിസ്തുവിനെ അറിയുവാൻ ഇടയായത്. ഇസ്ലാം മതം ഒഴികെ മറ്റേതൊരു മതം സ്വീകരിച്ചാലും അതെല്ലാം ദൈവനിന്ദയായി കരുതുന്ന ഒരു രാജ്യമാണ് കെനിയ.

**ysandhesham @saintly.com www. ysandhesham.com**



# 8 എബ്രായലേഖന പഠനം



പാസ്റ്റർ ഷിബു കെ. മാത്യു
B.D, M.Th

**യേശു മോശയേക്കാൾ ശ്രേഷ്ഠൻ**

3:1 മുതലുള്ള വാക്യങ്ങളിൽ പഴയനിയമ യിസ്രയേലിന്റെ വിമോചനത്തിന് നേതൃത്വം കൊടുത്ത മോശയും യോശുവായും പുതിയനിയമ യിസ്രയേലിന്റെ വിമോചകനായ യേശുക്രിസ്തുവുമാണ് മുഖ്യ പ്രതിപാദ്യ വിഷയം. പഴയനിയമത്തിൽ മോശയ്ക്കുണ്ടായിരുന്ന സ്ഥാനം വലുതായിരുന്നു. പഴയനിയമ സഭയിൽ മോശ വിശ്വസ്തനായിരുന്നു. ദൈവീക അരുളപ്പാട് ജനത്തെ അറിയിക്കുന്ന ഒരു വിശ്വസ്ത ഭക്തൻ എന്ന നിലയിലാണ് മോശയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.

ദൈവ ഭവനത്തിൽ വിശ്വസ്തനായിരുന്ന മോശയെ യേശുവുമായി താദാത്മപ്പെടുത്തുകയാണിവിടെ. മോശ ഭവനത്തിൽ വിശ്വസ്തനായിരുന്നു. എന്നാൽ യേശു പുത്രൻ എന്ന നിലയിൽ ഭവനത്തിന്മേൽ വിശ്വസ്തനായിരുന്നു. മോശ പഴയ യിസ്രയേലിന്റെ വിമോചകനായി ദൈവത്താൽ അയക്കപ്പെട്ടവൻ എന്ന നിലയിൽ അപ്പോസ്തോലനും ജനത്തിനു വേണ്ടി ദൈവത്തോട് മദ്ധ്യസ്ഥൻ ചെയതവനെന്ന നിലയിൽ പുരോഹിത ശുശ്രൂഷകനുമായിരുന്നു. ഈ സ്ഥാനങ്ങളെല്ലാം ഉൾകൊണ്ട മോശ യിസ്രായേൽ ജനങ്ങളുടെ ഇടയിൽ വിശ്വസ്തതയോടു കൂടി ശുശ്രൂഷ ചെയ്തു. എന്നാൽ യേശു പുത്രൻ എന്ന നിലയിൽ ദൈവ ഭവനത്തിന്റെ അവകാശിയും തന്റെ ശുശ്രൂഷയിൽ വിശ്വസ്തനുമാണ്. മോശ ഭൃത്യൻ എന്നുള്ള സ്ഥാനത്തിലാണ് വിശ്വസ്തതയോടെ പ്രവർത്തിച്ചത്. എന്നാൽ ക്രിസ്തു ദൈവഭവനത്തിന്റെ പുത്രനെന്ന നിലയിൽ അവകാശിയും അധികാരിയും ആണ്. യേശു ശുശ്രൂഷ ചെയ്യുന്ന ഭവനം നാം ഒരോരുത്തരും ആണ്. അതായത് വിശ്വാസികളുടെ സമുഹം. പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളും സ്ഥിരതയോടു കൂടി കാത്തു കൊണ്ടാൽ നാം യേശു ശുശ്രൂഷ ചെയ്യുന്ന ഭവനമായി നിലനിൽക്കും.

മോശ ദൈവീക പരിജ്ഞാനം ഉള്ളവനും,സൗമ്യതയുള്ളവനും, അഭിഷിക്തനും,നേതാവും, പ്രവാചകനുമായിരുന്നു. ഈ കാലഘട്ടത്തിലും ഈ ഗുണങ്ങളെല്ലാം ഒരു സുവിശേഷകന് ഉണ്ടായിരിക്കണം. മോശ എന്ന പേരിന്റെ അർത്ഥം വലിച്ചെടുക്കുക എന്നതാണ്. ഈ പേര് സംബന്ധിച്ച് രണ്ട് വാദങ്ങൾ നിലവിൽ ഉണ്ട് 'മാഷാ' എന്ന എബ്രായ പദത്തിൽ നിന്നാണ് ഈ പേര് ഉണ്ടായതെന്നും, 'മെസ്' (mes) എന്ന മിസ്രയിമ്യ പദത്തിൽ നിന്നുമാണ് ഈ പേര് കിട്ടിയതെന്നും രണ്ട് വാദഗതിയാണ് ഉള്ളത്. 'രമസേസ്' എന്ന മിസ്രീമിയ രാജകിയ നാമത്തിൽ നിന്നുമാണ് 'മെസ്' എന്ന പദം ഉണ്ടായിരിക്കുന്നത്. അങ്ങനെയെങ്കിൽ ഒരു രാജകീയ കുടുംബ നാമമാണ് മോശയ്ക്ക് ലഭിച്ചത്. എന്നാൽ വേദപുസ്തകം പറയുന്നു മോശയെക്കാൾ വളരെയധികം ശ്രേഷ്ഠനാണ് ക്രിസ്തു.'അവൻ എത്ര മഹാൻ എന്ന് നോക്കുവിൻ' എന്നാണ് കാണുന്നത്. എബ്രായ ലേഖനത്തിൽ യേശു എന്ന നാമം ഒൻപത് പ്രാവശ്യം കാണുന്നു. മഹത്വവും, ബഹുമാനവും, തേജസ്സും അണിഞ്ഞവനായി ക്രിസതുവിനെ അല്ലാതെ ആരെയും കാണുന്നില്ല.

3:7 മുതലുള്ള വാക്യങ്ങളിൽ മരുഭൂമിയിൽ പിതാക്കന്മാർ ദൈവ ശബ്ദം കേട്ടിട്ട് പിന്നത്തേതിൽ അത് നിരാകരിച്ചതിന്റെ അപകടത്തെ ലേഖകൻ വായനക്കാരെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഒരോ ദിവസവും 'ഇന്ന്' എന്ന ബോധ്യത്തോടുകൂടി വായനക്കാർ ദൈവശബ്ദത്തിന് വിധേയപ്പെടുമ്പോൾ ദൈവത്തിന്റെ വാഗ്ദാനം ഇന്നും അങ്ങനെയുള്ളവർക്ക് ലഭ്യമാണെന്ന് വ്യക്തമാണ്.

'നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്'(3:7–11) പരിശുദ്ധാത്മാവിന്റെ ജനത്തോടുള്ള ഒരു ആലോചനയായി ഇത് കണക്കാക്കേണ്ടതാണ്.ഒന്നാമതായി പിതാക്കന്മാർക്ക് തങ്ങളുടെ അവിശ്വാസത്താൽ ദൈവീക സ്വസ്ഥതയിലേക്ക് പ്രവേശിക്കുവാൻ കഴിയാഞ്ഞതുപോലെ വായനക്കാർക്ക് സംഭവിക്കാതിരിക്കുവാൻ മുന്നറിയിപ്പു നൽകുന്നു (3:12–19), രണ്ടമതായി അനുസരണക്കേടിനുള്ള അപകടം ഇന്നും സംഭവിക്കും. എന്നാൽ ദൈവജനത്തിന് ദൈവീക സ്വസ്ഥത ഉറപ്പാണ്.

3:12,13 വാക്യങ്ങളിൽ 'ദുഷ്ട ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരുക്കുവാൻ നോക്കുവിൻ' എന്നും 'നാൾ തോറും അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ' എന്നുമുള്ള പ്രബോധനങ്ങൾ സകല ദൈവ മക്കളെയും ഉദ്ദേശിച്ചാണ് എഴുതിയിരിക്കുന്നത്. മോശയെ ത്യജിച്ച യിസ്രയേൽ ജനത്തിന് കനാനിൽ പ്രവേശിക്കുവാൻ കഴിയാത്തതു പോലെ യേശുവിനെ തിരസ്കരിക്കുന്നവർക്ക് പുതു യുഗത്തിന്റെ അനുഗ്രഹങ്ങൾ നഷ്ടപ്പെടുമെന്ന് ഇവിടെ വ്യക്തമാക്കുന്നു. മൂന്ന് അപകട സൂചനകൾ ഇവിടെ ലേഖകൻ വ്യക്തമാക്കുന്നു.

1) ജീവനുള്ള ദൈവത്തെ ത്യജിച്ച് കളയാതിരിക്കുക.

2) അവിശ്വാസമുള്ള ദുഷ്ട ഹൃദയം ആർക്കും ഉണ്ടാകരുത്.

3) ആരും പാപത്തിന്റെ ചതിയിൽ കഠിനപ്പെടരുത്.

ഒരോ ദിവസവും 'ഇന്ന്' എന്ന ചിന്തയാൽ ദൈവത്തിന് പൂർണ്ണ സമർപ്പണം ചെയ്ത് അന്യോന്യം പ്രബോധിപ്പിക്കുവാൻ ലേഖകൻ വായനക്കാരെ ആഹ്വാനം ചെയ്യുന്നു.

## എബ്രായലേഖന പഠന ചോദ്യങ്ങൾ

1) മോശയും യേശുവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ വിവരിക്കുക?
2) മോശയുടെ ശ്രേഷ്ഠതകൾ വിവരിക്കുക ?
3) 'യേശു മോശയേക്കാൾ ശ്രേഷ്ടനാണ്' വിവരിക്കുക ?
4) വായനക്കാർക്ക് നൽകുന്ന പ്രധാന മുന്നറിയിപ്പുകളും ഈ കാലഘട്ടത്തിൽ ആ മുന്നറിയിപ്പുകളുടെ പ്രസക്തിയും വിവരിക്കുക ?
5) ദൈവ ജനം എപ്പോഴും ഓർക്കേണ്ട പ്രധാന അപകട സൂചനകൾ ഏതെല്ലാമാണ് ?

**എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിജയികളാക്കുന്നവർക്ക് പഠനം പൂർത്തീകരിക്കുമ്പോൾ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിക്കുന്നതാണ്.**

**പാഠഭാഗം ശ്രദ്ധിച്ച് വായിച്ച് ഉത്തരം കണ്ടെത്തുക.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25–ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## കഴിഞ്ഞ ലക്കം ശരിയുത്തരം അയച്ചവർ

ജോഷി പി ജോയ്, ഷീബാ സത്യപാൽ കോവളം, ,സാറാമ്മ പാട്രിക്ക് പറണ്ടോട്, ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, കെ.എൻ നളിനി തിരുവല്ല, ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, ഫെയ്ത്ത് ആന്റണി തൊടുപുഴ,ശോശാമ്മ എബ്രഹാം പുതുപ്പള്ളി, പിങ്കി സ്റ്റാൻലിഐത്തോട്ടുവ, ദീനാ സിജു മാമലശ്ശേരി,ആലിസ് ജോയി ഐരാണിക്കുടി, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, ശലോമി ജോർജ്ജ് മേലുകാവുമറ്റം,നിസ്സി സുനിഷ് മേച്ചാൽ, സുജ മോൻസി ആറന്മുള, അന്നമ്മ ജേക്കബ് പൂവത്തുർ, ലീലാമ്മാ ജോസഫ് കവിയൂർ, ഗ്രേസ് ജേക്കബ് പൂവത്തൂർ, ബ്ലെസ്സൻ പി ജോസഫ് ഫിലദെൽഫിയ, വൽസമ്മ ഈശോ കുന്നം, ഉഷ ഗോപിനാഥ് മുപ്പത്തടം, ജൂലി ബിജു കിഴക്കമ്പലം,അന്നമ്മ കെ.വി കുരിയച്ചിറ, ഗ്രേസ് മീഖായേൽ മേലുകാവുമറ്റം,മേഴ്സി സാം ഇരവിപേരൂർ.

പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.

31 British Designer Super Luxury & Twin Villas, Plots in 12, 10, 7, 5.5, 3.80 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring income at an absolute Faithcity spiritual atmosphere

Available Ready VILLAS & PLOTS

കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപ്പോർട്ട്–കോട്ടയം റോഡും എറണാകുളം–പെരുമ്പാവൂർ റോഡും ആലുവ–മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!

SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured
വിശാലമായ വീഥികൾ, പാർക്കുകൾ, ഹൃദ്യമായ ആത്മീയ ഗീതങ്ങൾ;
ദേശത്തിന്റെ മുഖഛായ തന്നെ അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

SBI Life's 100% Money Return Plan
VILLAS AT 2 PAYMENT OPTIONS
TRUELY DESIRING A VILLA OF YOUR CHOICE IN A SPIRITUAL ATMOSPHERE?
READY FOR OCCUPATION IN 18 MONTHS.
SPECIAL OFFER TILL 30-06-2011
ATTRACTIVE SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; മേഖലാ മെഡിക്കൽ ക്യാമ്പുകളും കൗൺസലിംഗും

• 30,000 Sq.Ft. FOR BIBLE CONFERENCE • BANK HOME LOANS •

Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.

"Unless the LORD builds the house, its builders labour in vain" (Ps. 127:1)



for immediate booking Call or E-mail:

M/s GOODYEAR BUILDERS & ENGINEERS PTE. LTD
Engineers • Builders • Township Developers • Project Investors
POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

Victory Park JOINT VENTURE WITH SBI Life INSURANCE

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 66.14 M2
PORCH - 7.80 M2
FIRST FLOOR AREA - 47.50 M2
TOTAL FLOOR AREA - 121.44 M2
(1305.00 SQFT)

STANDARD VILLAS
in 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 111.72 M2
PORCH - 11.34 M2
FIRST FLOOR AREA - 58.24 M2
TOTAL FLOOR AREA - 181.30 M2
(1950.79 SQFT)

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 113.50 M2
PORCH - 16.60 M2
FIRST FLOOR AREA - 76.23 M2
TOTAL FLOOR AREA - 206.33 M2
(2220.11 SQFT)

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



GROUND FLOOR AREA - 153.82 M2
PORCH - 25.94 M2
FIRST FLOOR AREA - 75.65 M2
TOTAL FLOOR AREA - 255.41 M2
(2748.21 SQFT)

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room, 1 Consultation Room, 7 Baths
(Inclusive of wood - works)



GROUND FLOOR AREA - 174.65 M2
PORCH - 23.00 M2
FIRST FLOOR AREA - 109.05 M2
TOTAL FLOOR AREA - 306.70 M2
(3300.00 SQFT)

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

18 മാസങ്ങളായി വിക്ടറി പാർക്കിനെതിരായി ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് ഒന്നൊന്നായി കേരള സർക്കാർ അംഗീകാരമായി, ഉത്തരവ് ലഭിച്ചിരിക്കുന്നു. ബുക്കിംഗ് പ്രകാരമുള്ള പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

യുഗവീക്ഷണം



സാം ടി മൈക്കിൾ



# ഉറക്കമില്ലാത്തവരും ആസ്വദിച്ചുറങ്ങുന്നവരും

**ജീ**വജാലങ്ങൾക്ക് ഏറ്റവും അനിവാര്യമായ ശാരീരിക പ്രക്രിയയാണ് 'ഉറക്കം'. മനുഷ്യൻ കുറഞ്ഞത് ആറു മണിക്കുറെങ്കിലും ഉറങ്ങണമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഉറക്കകുറവ് ആകസ്മികമായ പല ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകാറുണ്ട്. ഇന്നത്തെ ആധുനിക ലോകത്തിൽ, ജീവിത പ്രശ്നങ്ങളും, മാനസിക പിരിമുറുക്കങ്ങളും മൂലം നല്ലൊരു ശതമാനം ആളുകൾക്കും ഉറക്കക്കുറവുണ്ടാകാറുണ്ടെന്ന് പല പഠനങ്ങളും കണ്ടെത്തിയിട്ടുണ്ട്.

രസകരമായ മറ്റൊരു വസ്തുത, ചില യാളുകൾ ഏത് ശബ്ദ കോലാഹലങ്ങൾക്കിടയിലും സുഖമായി കൂർക്കം വലിച്ച് ഉറങ്ങുമെന്നുള്ളതാണ്. (നമ്മുടെ പ്രാർത്ഥനായോഗങ്ങൾക്കിടയിലിരുന്നു പോലും ചിലർ ഉറങ്ങാറുള്ളത് കൗതകം ജനിപ്പിക്കാറുണ്ട്!).

ജീവിതത്തിന്റെ നിർണായക പ്രതിസന്ധിഘട്ടത്തിൽ, അടുത്ത പ്രഭാതത്തിൽ എന്തും സംഭവിയ്ക്കാമെന്നിരിക്കെ ആർക്കാണ് സ്വസ്ഥമായി ഉറങ്ങാൻ കഴിയുക?.ദൈവിക സംസർഗ്ഗമുണ്ടെങ്കിൽ അതിന് കഴിയുമെന്നത് തീർച്ചയാണ്.

ജ്യേഷ്ഠാവകാശം സൂത്രത്തിൽ അപ്പനിൽ നിന്നും നേടിയെടുത്ത് യാക്കോബ്, പ്രാണരക്ഷാർത്ഥം ഓടിപ്പോയ സംഭവം ഏവർക്കും അറിവുള്ളതാണല്ലോ.( ഉല്പ:28:10-16). സൂര്യൻ അസ്തമിച്ചപ്പോൾ അവൻ എത്തിച്ചേർന്ന സ്ഥലത്ത്, കല്ല് തലയിണയായി വച്ചുറങ്ങിയതും, സ്വപ്നം കണ്ടതും ചില ഉൾക്കാഴ്ചകൾ നൽകുകയാണ്. കല്ല് തലയിണയായി വച്ചാൽ ആർക്കെങ്കിലും ഉറങ്ങാൻ കഴിയുമോ? വിപണിയിൽ ലഭിക്കാവുന്ന ഏറ്റവും മുന്തിയ ഇനം മെത്തയും തലയണയും വെച്ച് കിടന്നാൽ പോലും അനേകർക്ക് ഉറക്കം ലഭിക്കാതിരുന്ന കാലയളവാണിത്. യാക്കോബ് ഇത്രയും അസുഖകരമായ ജീവിത സാഹചര്യത്തിലും, കല്ല് തലയിണയായി വച്ചുറങ്ങിയതിന്റെ രഹസ്യം ദൈവീക സാന്നിദ്ധ്യമായിരുന്നു.അതിനാലാണ് ദൈവീകമായ സ്വപ്നങ്ങൾ കാണുവാനിടയായത്. ജീവിത പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുവാൻ ശ്രമിച്ച യാക്കോബിനെ ഒരു ആരാധനയിലേക്കും ഉടമ്പടിയിലേക്കും നയിച്ചുവെന്നു തന്നെ പറയാം.

തടവറയിൽ രണ്ട് ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനായി, പടയാളികളുടെ നടുവിൽ ഉറങ്ങിയ പത്രോസിന്റെ ചരിത്രം അവിസ്മരണിയമാണ്. (അപ്പോ:12:1-6).ഹെരോദാ രാജാവ് സഭയെ പീഡിപ്പിച്ചുകൊണ്ടിരുന്ന കാലത്തായിരുന്നു ഈ സംഭവം. യാക്കോബിനെ വാൾകൊണ്ടു കൊന്നു(അപ്പോ:12:2). ഒരു പക്ഷേ പിറ്റേ ദിവസം എന്തും സംഭവിക്കാമെന്നിരിക്കെ, ആ രാത്രി ദൈവഭക്തനായ പത്രോസ് ഉറങ്ങിയതും ദൈവസാന്നിദ്ധ്യത്തിന്റെ ഫലമായിരുന്നു. സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചിരുന്നതിനാൽ, ദൈവത്തിന്റെ ദൂതൻ അവനെ തടവറയിൽ നിന്നും രക്ഷിപ്പാനും ഇടയായി.

സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നത്,'ഞാനോ സമാധാനത്തോടെ കിടന്നുറങ്ങും, നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്'(സങ്കി:4:8) ദൈവീക സാന്നിദ്ധ്യവും, കരുതലും അനുഭവിക്കുന്നവർ സമാധാനത്തോടെ ഉറങ്ങുക തന്നെ ചെയ്യും.

യുഗചിന്ത



പാസ്റ്റർ ഏ. റ്റി. ജോസഫ്

# അമ്പമ്പോ!!!! എന്തൊരു പേര്

**യു**.എ.ഇയിലെ കോടിശ്വരൻ ഇംഗ്ലീഷ് ഭാഷയിൽ അഞ്ച് അക്ഷരമുള്ള തന്റെ പേര് 3 കിലോമീറ്റർ നീളത്തിൽ എഴുതി. ഒരു അക്ഷരത്തിന്റെ നീളം അര കിലോമീറ്ററിലധികം. ബഹിരാകാശത്തു നിന്നും നോക്കിയാലും വായിക്കത്തക്ക നിലയിൽ പേര് കൊത്തിവെച്ചിരിക്കുന്നു. അബുദാബിക്ക് സമീപം അൽഫുതൈമ്പി എന്ന ദ്വീപിൽ ഒമാമറ എന്ന ഈ പേര് ആര് എപ്പോൾ എങ്ങനെ കൊത്തി എന്നത് അജ്ഞാതമാണ്. പേരു കൊത്തുക എന്നത് മനുഷ്യനെ സംബന്ധിച്ചടത്തോളം ഒരു ഹരമാണ് പ്രത്യേകിച്ച് മലയാളികൾക്ക്. ഇരിക്കുന്ന കസേരയിലും പഠിക്കുന്ന ടേബിളിലും, ബസ്സിലും, ട്രെയിനിലും എന്തിനേറെ ബാത്ത് റൂമുകളിലും വരെ പേര് എഴുതി ആധിപത്യം സ്ഥാപിക്കാറുണ്ട്.

സ്വന്തം പേര് സ്ഥാപിക്കുക എന്നതിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ന്യായവിധിയുടെ ജലപ്രളയത്തിന് ശേഷം ഒരു കൂട്ടം ആളുകൾ ബാബേൽ ഗോപുര നിർമ്മാണം ആരംഭിച്ചു. തങ്ങൾക്കൊരു പേരുണ്ടാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ജലപ്രളയത്തിലുടെ നഷ്ടപ്പെട്ട പേര് വീണ്ടും നിലനിർത്തുക അഥവാ ഇനിയൊരു ജലപ്രളയം ഉണ്ടായാൽ ഗോപുരത്തിന്റെ മുകളിൽ കയറി രക്ഷപ്പെടാം, അതല്ലെങ്കിൽ നമ്മുടെ പേര് എങ്കിലും വരും തലമുറ ഓർക്കുമല്ലോ?

സ്വന്തം പേര് നിലനിർത്തുവാൻ വേണ്ടി, ദൈവത്തെ മാറ്റി നിർത്തി പ്രവർത്തിച്ച മനുഷ്യന്റെ പ്രവർത്തി പൂർത്തിയാകാതിരുന്നപ്പോൾ, ദൈവം തിരഞ്ഞെടുത്ത അബ്രഹാമിനോട് ദൈവം പറയുന്നു 'ഞാൻ നിന്റെ പേര് വലുതാക്കും.' ദൈവം പറഞ്ഞതു പോലെ ചെയ്തു. അബ്രാമിനെ അബ്രഹാം എന്നാക്കി തീർത്തു. ദൈവത്തെ കൂടാതെ കെട്ടിട സമുച്ചയം പണിത മനുഷ്യനെ ദൈവം ചിതറിച്ചെങ്കിലും, ലോകത്തിൽ ചിതറിക്കിടക്കുന്ന തന്റെ സഭയ്ക്കു വേണ്ടി കർത്താവ് ഒരു അപ്പാർട്ടുമെന്റ് പണിയുന്നുണ്ട്( പുതിയ യെരുശലേം)

ഇവിടുത്തെ പേരുകൾ താല്ക്കാലികമാണ്. നിരവധി ചക്രവർത്തിമാർ, രാജാക്കന്മാർ, സ്വേച്ഛാധിപതിമാർ തങ്ങളുടെ നാമം നിലനിർത്തുവാൻ പാടുപ്പെട്ടു. എന്നാൽ പലതും മാഞ്ഞു പോയി. കാലം പലതും മായിച്ചു കളയും. ഇറാക്ക് ഭരണാധിപനായിരുന്ന സദ്ദാം ഹുസ്സൈൻ രണ്ടര നെബുഖദ്നേസ്സർ എന്നറിയപ്പെട്ട താൻ അവിടെ പണിയുന്ന ഒരോ ഇഷ്ടികയിലും തന്റെ പേര് കൊത്തിവെച്ചിരുന്നു എന്നാണ് പറയപ്പെടുന്നത്. എല്ലാം തകർന്നില്ലേ?

ആത്മീയരുടെ ഇടയിലും പേര് നിലനിർത്തുവാൻ വേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നു. എല്ലാം വിട്ടെന്നു പറയുന്ന നാം പല പാരമ്പര്യങ്ങളെയും പേര് മാറ്റി പിൻതുടരുന്നു. ഇവിടെ പേര് എഴുതുന്നതിലും നിത്യതയിലെ പേര് നഷ്ടപ്പെടാതിരിക്കുന്നതാണ് ഉത്തമം.കർത്താവിനെ വിട്ടു പോകുന്നവരുടെ പേരാണ് മണ്ണിൽ എഴുതിവെയ്ക്കുന്നത്

ഈ യുഗത്തിൽ മണവാളന്റെ വരവ് ആസന്നമായി. പ്രതിഫലം ലഭിക്കുന്ന നാളുകൾ അടുത്തു വരുന്നു. എവിടെയെല്ലാം പേര് എഴുതിയാലും, സ്വർഗ്ഗത്തിൽ പേര് എഴുതിയില്ലെങ്കിൽ കാര്യമില്ല. കർത്താവ് തരുവാൻ പോകുന്ന പുതിയ പേര് നമുക്ക് പ്രാപിക്കുവാൻ തക്കവണ്ണം ജീവിക്കാം.


# സത്യഗ്രന്ഥം സമ്പൂർണ്ണ ബൈബിൾ വിവർത്തനം

## സത്യഗ്രന്ഥം എന്ന പേരിൽ ഒരു പെന്തക്കോസ്തു ബൈബിളായിത്തന്നെ

## ഏറ്റവും കുറഞ്ഞ വിലയിൽ ഉടൻ പ്രസ്ദ്ധീകരിക്കുന്നു.

1. **സമ്പൂർണ്ണ ബൈബിൾ വിവർത്തനം.**

a. മൂലഭാഷകളായ ഹീബ്രൂവിൽനിന്നും ഗ്രീക്കിൽ നിന്നുമുള്ള പ്രഗത്ഭരായ ഹീബ്രൂ പണ്ഡിതന്മാരും ഗ്രീക്കു പണ്ഡിതന്മാരും ചേർന്ന് വിവർത്തനം നിർവ്വഹിച്ച സമ്പൂർണ്ണ ബൈബിൾ വിവർത്തനമാണ്

**സത്യഗ്രന്ഥം**

b. മറ്റു വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിവർത്തനപിശകുകൾ തിരുത്തി മൂല ഗ്രന്ഥത്തിലുള്ളതു പോലെ ശരിയായ അർത്ഥത്തിൽ തന്നെ സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. വചനത്തോടും മൂലഭാഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് ദൈവദാസന്മാരായ പണ്ഡിതന്മാർ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി നിർവ്വഹിച്ചബൈബിൾ വിവർത്തനമാണ് -സത്യഗ്രന്ഥം.

**ബൈബിൾ വിവർത്തനത്തിൽ**

മുൻകാല ബൈബൾ വിവർത്തനങ്ങളിൽ കടന്നുവന്നിട്ടുള്ള വിവർത്തനപിശകുകളും നൂറ് (100) വർഷം മുമ്പുള്ള ഭാഷാ ശൈലിയും നാം ഇന്നും അനുവർത്തിച്ചുപോരുകയാണല്ലോ ചെയ്യുന്നത്. മുൻ കാല ബൈബൾ വിവർത്തനങ്ങളിലെ വിവർത്തനപിശകുകൾ മൂലം സുവിശേഷം അറിയിക്കുന്നവരോട് (പെന്തക്കോസ്തുകാരല്ലാതെ മറ്റാരും സുവിശേഷം അറിയിക്കുന്നില്ലല്ലോ) ഇതര ജാതികൾ (മുഖ്യമായും മുസ്ലീം) ബൈബിൾ സത്യമല്ല തെറ്റുള്ളതാണ്. എന്നിങ്ങനെയുള്ള ആക്ഷേപശരങ്ങൾ തൊടുത്തുവിടുന്നവരോട് എന്തു പറയണമെന്ന് അറിയാതെ പകച്ചുനില്ക്കുന്ന നമ്മുടെ ശുശ്രൂകന്മാർക്ക് ഇനി പകച്ചുനില്ക്കേണ്ടി വരികയില്ല എന്നുള്ള സന്തോഷവാർത്ത അറിയിക്കട്ടെ.

എപ്പിക്കോസ്പൽ മേല്ക്കൈ ഇല്ലാത്ത ഒരു പെന്തക്കോസ്ത് ബൈബിളായിത്തന്നെ നിങ്ങളുടെ കൈകളിൽ സത്യഗ്രന്ഥം ബൈബിൾ എത്തിക്കുന്നു. മറ്റു ബൈബിൾ വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിവർത്തനപിശകുകൾ തിരുത്തി മൂലഗ്രന്ഥത്തിലുള്ളതു പോലെ ശരിയായ അർത്ഥത്തിൽ തന്നെ വചനത്തോടും മൂലഭാഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. വിവർത്തനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. മൂലഭാഷകളായ ഹീബ്രൂവും, ഗ്രീക്കും, സെപ്റ്റുവജന്റ് വവർത്തനവുമാണ് പ്രഗത്ഭരായ ഹീബ്രൂ, ഗ്രീക്ക് പണ്ഡിതന്മാരാണ് വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്.

ദൈവത്തെയോ, യേശുവിനെയോ, വിളിക്കുവാൻ അവൻ, നീ അദ്ദേഹം എന്നീ വാക്കുകൾ മറ്റു വിവർത്തനങ്ങളിൽ ഉപയോഗിക്കുന്നതുപോലെ സത്യഗ്രന്ഥത്തിൽ ഉപയോഗിക്കുന്നില്ല. അതിനുപകരം ദൈവത്തെയും, യേശുവിനെയും ഭയത്തോടും, വിറയലോടും, ബഹുമാനത്തോടും കൂടെ അവിടുന്ന്, അവിടുത്തെ, എന്നിങ്ങനെയാണ്.

**മറ്റു വിവർത്തനങ്ങളിൽ**

മറ്റു വിവർത്തനങ്ങളിൽ ഉൽപത്തി പുസ്തകം തുടങ്ങുന്നതിതന്നെ വിവർത്തന പിശകുകളോടെയാണ്. ഉദാ: ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ആകാശം എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് തെറ്റായിട്ടാണ് രണ്ടാം വാക്യത്തിൽ പാഴും ശൂന്യവും ആയിരുന്നു എന്ന് വിവർത്തനം ചെയ്തിരിക്കുന്നതും തെറ്റായിട്ടാണ്. മൂലഗ്രന്ഥ ത്തിൽ ഈ അർത്ഥത്തിലല്ല പറഞ്ഞിരിക്കുന്നത്. എന്നുള്ള സത്യം കേരളത്തിലെ പെന്തക്കോസ്ത് സഭയുടെ ആരംഭകാലത്തുതന്നെ പഠിപ്പിച്ചിരുന്നു. ഇന്നും പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നിട്ടും ആദ്യ വിവർ ത്തനത്തിനുശേഷം പിന്നീടുണ്ടായ വിവർത്തനങ്ങൾ ഒന്നും തന്നെ വിവർത്തന പിശകുകൾ തിരുത്തിയിട്ടില്ല. ആദ്യ വിവർത്തനത്തെ അങ്ങനെ തന്നെ പകർത്തുകയായിരുന്നു ചെയ്തത്. ഒന്നും രണ്ടും വിവർത്തനങ്ങളല്ല ഇപ്രകാരം ഉണ്ടായത് ഏകദേശം പതിനെട്ടോളം വിവർത്തനങ്ങൾ മലയാളത്തിൽ ഉണ്ടായി ഇവരൊക്കെയും ചെയ്തത് നോക്കുമ്പോൾ ബോദ്ധ്യപ്പെടുന്നത് തങ്ങളും ഒരു ബൈബിൾ പ്രസ്ദ്ധികരിച്ചു എന്ന് പേരെടുക്കുക മാത്രമായിരുന്നു ഉദ്ദേശ്യം.

കഴിയുന്നതും നൂറ് ( $100 ) രൂപയിൽ കൂടാതെ എല്ലാവർക്കും ബൈബിൾ നല്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത് അതിനായി എല്ലാദൈവമക്കളുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും മറ്റെല്ലാ വിധത്തിലുമുള്ള സഹായസഹകരണങ്ങളും സത്യഗ്രന്ഥം പബ്ലിക്കേഷൻസിന് ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

# നിങ്ങൾ ആഗ്രഹിച്ച് കാത്തിരിക്കുന്ന സമ്പൂർണ്ണ ബൈബിൾ പഠനഗ്രന്ഥം. അതാണ് സത്യഗ്രന്ഥം, (ചരിത്രം, റഫറൻസ് & കൺ കോഡൻസ്) ബൈബിൾ

**ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച്.**

a. ഒരു ലക്ഷത്തിലധികം ബൈബിൾ പദങ്ങൾക്ക് കൺകോഡൻസുകൾ

b. പതിനായിരത്തിലധികം പ്രസംഗങ്ങൾ

c. പതിനായിരത്തിലധികം ഒത്തുവാക്യങ്ങൾ a. ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള എല്ലാ പുസ്തകങ്ങളുടെയും ആദ്യ പേജിൽ തന്നെ അടിസ്ഥാന

വിവരങ്ങൾ നല്കിയിരിക്കുന്നു.

b. എപ്പോൾ ആരാൽ രചിക്കപ്പെട്ടു, അദ്ധ്യായങ്ങൾ, വാക്യങ്ങൾ, ചരിത്രവാക്യങ്ങൾ, ചോദ്യങ്ങൾ, പ്രവചനങ്ങൾ, നിവർത്തിയായ പ്രവചനങ്ങൾ, ഇനിയും നിവർത്തിയാകുവാനുള്ള പ്രവചനങ്ങൾ, ലഘു അദ്ധ്യായങ്ങൾ, ദീർഘ അദ്ധ്യായങ്ങൾ, അരുളപ്പാടുകൾ, ദൈവത്തിൽ നിന്നുള്ള പ്രത്യേകദൂതുകൾ, മനുഷ്യശാസ്ത്രം, ഭൂമിശാസ്ത്രം വാനശാസ്ത്രം,മൂലതത്വങ്ങൾ, എഴുതിയ പശ്ചാത്തലം,എഴുതിയതിന്റെ ഉദ്ദേ

ശ്യം, കല്പനകൾ, പ്രധാനവ്യക്തികൾ, അവരുടെ പ്രയാണങ്ങൾ ആദിപിതാക്കന്മാരുടെ ആയുഷ്കാലം, അവരുടെ ജനനമരണ കാലഘട്ടങ്ങൾ.

**ചാർട്ടുകൾ**

a. ബൈബിൾ എളുപ്പത്തിൽ മനസ്സിലാക്കുവാനും പഠിക്കുവാനും കഴിയുന്ന തരത്തിലുള്ള ചാർട്ട് -പനോരമ.

b. അപ്പൊസ്തലന്മാരുടെ മിഷണറി യാത്രകളും ബഹുവർണ്ണ ഭൂപടങ്ങളും പഠനലേഖനങ്ങളും.

c. ദൈവശാസ്ത്ര വിഷയങ്ങളുടെ പഠനലേഖനങ്ങൾ, അത്യപൂർവ്വങ്ങളായ ഫോട്ടോ ഗ്രാഫുകൾ, വിജ്ഞാന പ്രദമായ ചാർട്ടുകൾ, മാപ്പുകൾ, ഭൂപടങ്ങൾ.

d. ബൈബിൾ സംബന്ധമായ പലവിധത്തിലുള്ള എബ്രായമാസ, വർഷ, ശബ്ബത്ത് കലണ്ടറുകൾ.

e. പ്രധാനപ്പെട്ട എല്ലാ ദൈവശാസ്ത്ര വിഷയങ്ങളെപ്പറ്റിയും വിശദമായ പഠനലേഖനങ്ങൾ.

f. പഴയ പുതിയനിയമ അപ്പൊ-ക്രിഫാ പുസ്തകങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം.

അന്ധകാരയുഗം, അടിസ്ഥാന ഉപദേശങ്ങൾ, സഭയിൽ

ശുശ്രൂഷിക്കേണ്ടത് എങ്ങനെ

.c. യഹൂദാ ചരിത്രവും അവർ സഹിക്കേണ്ടി വന്ന പീഢനങ്ങളും.

**ചരിത്രപരമായകര്യങ്ങൾ**

a. മലാഖി പ്രവാചകനും വി. മത്തായിക്കും ഇടയിലുള്ള കാലഘട്ട ചരിത്രം.

b. സഭയുടെ ഇരുപതു നൂറ്റാണ്ടുകളായുള്ള സഭാചരിത്രം, ആദിമവിശുദ്ധന്മാർ സഹിക്കേണ്ടിവന്ന പീഢനങ്ങൾ, രക്തസാക്ഷികൾ, സഭാപിതാക്കന്മാർ, സുന്നഹദോസ്സുകൾ,

d. വി. പത്രോസ് മുതൽ ബനഡിക്ട് പതിനാറാമൻ വരെയുള്ള, കത്തോലിക്ക ഗഭ പറയുന്ന 265 പോപ്പുമാരുടെ ചരിത്രം.

e. സഭാനേതൃത്വത്തിൽ കടന്നുവന്നിട്ടുള്ളവർ, സഭയെ സഹായിച്ചവർ, ഉപദ്രവിച്ചവർ എന്നിങ്ങനെയുള്ളവരുടെ ചരിത്രം,

**രാജ്യപരമായും പ്രാദേശികപരമായും**

a. ബൈബിളിൽ പ്രതിപാദിക്കുന്ന രാജ്യങ്ങളും അവയുടെ പൂർണ്ണ വിവരങ്ങളും. ആദ്യത്തെ പേര്, പിന്നീട് ഉണ്ടായപേര്, ഇപ്പോഴുള്ള പേര്, രാജ്യം എവിടെ സ്ഥിതി ചെയ്യുന്നു, ഏതു ഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്യുന്നു, ഔദ്യോഗിക രാഷ്ട്രനാമം എന്ത്, സ്ഥാനം എവിടെ, വിസ്തൃതി എത്ര, ഔദ്യോഗിക ഭാഷ

ഏത്, സാക്ഷരത എത്രശതമാനം, തലസ്ഥാനംഎവിടെ, മറ്റു പ്രമുഖ നഗരങ്ങൾ ഏതെല്ലാം, നാണയം ഏത്, പ്രധാനമതങ്ങൾ ഏതെല്ലാം, പ്രതിശീർഷവരുമാനം എത്ര, കാർഷികോത്പന്നങ്ങൾ എന്തൊക്കെ, വ്യവസായികോത്പന്നങ്ങൾ എന്തൊക്കെ. ഖനിജങ്ങൾ ഉണ്ടങ്കിൽ അത് എന്തൊക്കെ, ജനസംഖ്യ.

a. ഇതുവരെ മലയാളത്തിലെന്നല്ല മറ്റ് ലോകഭാഷകളിൽ പോലും ഇത്തരമൊരു ബൃഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

b. ഒരു ബൈബിൾ പഠിതാവിന് മാത്രമല്ല, ചരിത്രവിദ്ധ്യാർത്ഥിക്കും ഉപകരിക്കുന്നതരത്തിൽ വളരെയധികം ചരിത്രവിവരങ്ങൾ ചേർത്തിരിക്കുന്ന ഒരു അമൂല്യ റഫറൻസ് ഗ്രന്ഥമാണ് സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്. ടബൈബിൾ)

**പ്രസിദ്ധീകരിക്കുന്നത്.**

**സത്യഗ്രന്ഥം പബ്ലിക്കേഷൻസ്,**

2012 ഏപ്രിൽ 26-ന് സത്യഗ്രന്ഥംപ്രസിദ്ധീകരിക്കുന്നു. അയ്യായിരം ( $ 5,000) രൂപ മുഖവിലയുള്ള ഈ ഗ്രന്ഥം പ്രീ-പബ്ലിക്കേഷനിലൂടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു ഇപ്പോൾ ബുക്കു ചെയ്യുന്നവർക്ക് മൂവായിരത്തി എഴുന്നൂറ്റി അമ്പതു ( $ 3,750) രൂപയ്ക്കു നല്കുന്നു. ഏജന്റുമാർ മുഖാന്തിരവും സത്യഗ്രന്ഥം പ്രവർത്തകർ മുഖാന്തിരവും പോസ്റ്റ് ഓഫീസ് വഴിയും നേരിട്ടും ബുക്കുചെയ്യുവാനും പണം അടയ്ക്കുവാനും സാധിക്കുന്നതാണ് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർവഴിയും പണം അടയ്ക്കുവാൻ കഴിയുന്നതാണ് സത്യഗ്രന്ഥം പബ്ലിക്കേഷന്റെ അക്കൗണ്ട്നമ്പർ

(A/c.No. 67121542564. S.B.T. Vadavucode Branch.) RTGS/ NEFT/ GRPT Application form ) (IFSC No. SBTR 0000316 ) ഉപയോഗിച്ച് ഏതു ബാങ്കിന്റെ ബ്രാഞ്ചുവഴിയും സത്യഗ്രന്ഥം പബ്ലിക്കേഷൻസിന്റെ അക്കൗണ്ടിലേക്ക് വളരെ സൗകര്യപ്രദമായി പണം അയയ്ക്കുവാൻ സാധിക്കുന്നതാണ്. പ്രീ-പബ്ലിക്കേഷൻ 2011 സെപ്റ്റംബർ 30-ന് അവസാനിക്കുന്നതാണ് അതിനാൽ ബുക്കുചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് എത്രയും വേഗത്തിൽ സത്യഗ്രന്ഥം, (ചരിത്രം, റഫറൻസ് & കൺ കോഡൻസ്) പഠന ബൈബിൾ ബുക്കുചെയ്യുവാൻ കഴിയുന്നതാണ്.

## സഭാ നേതൃത്വങ്ങൾ പറയുന്നത്ശ്രദ്ധിക്കുക.



**റവ. ഡോ.കെ. സി. ജോൺ, ഐ.പി.സി. ജനറൽ പ്രസിഡന്റ്**

**ഇതര ലോകഭാഷകളിൽ പോലും പ്രസിദ്ധീകരിക്കപ്പെടാത്ത 'സത്യഗ്രന്ഥം'** എന്ന ഈ റഫറൻസ് ഗ്രന്ഥംഏതൊരു സുവിശേഷകർക്കും ബൈബിൾ പഠിതാക്കൾക്കും പ്രയോജനകരമായഒരു റഫറൻസ് ഗ്രന്ഥമാണ്.



**ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റ് റവ. കെ. എം. ജോസഫ്**

തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും മാറ്റി വെയ്ക്കുവാൻ കഴിയാത്തതുമായ ഒരു അമൂല്യപഠന ഗ്രന്ഥമാണ്. **'സത്യഗ്രന്ഥം'** (22.12 .10-ൽ സത്യഗ്രന്ഥംഓഫീസ് സന്ദർശിച്ച സന്ദർഭത്തിൽ പറഞ്ഞത്)



**റവ. ഡോ: പി. എസ്. ഫിലിപ്പ് സൂപ്രണ്ട് ഏ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ**

**ദൈവജനത്തിന് എന്നും അഭിമാനിക്കുവാൻ കഴിയുന്നഒരു ഉത്തമഗ്രന്ഥം.** സത്യഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ വിശ്വാസികളെയും വേദപഠിതാക്കളെയും ഒരു പോലെ സത്യവചനത്തിന്റെ ആധികാരികതയിൽ വിശ്വസ്തരായി നിലനിറുത്തുവാൻ തക്കവണ്ണം വിലയേറിയ ആത്മീയ സത്യങ്ങളെ അറിയിക്കുവാൻ സത്യഗ്രന്ഥത്തിനു കഴിഞ്ഞിട്ടുണ്ട്. വേദപുസ്തക സംബന്ധമായ അനേക കാര്യങ്ങൾ മനസ്സിലാക്കുവാൻ സഹായകമായതും ദൈവജനത്തിന് എന്നും അഭിമാ നിക്കുവാൻ കഴിയുന്നതുമായ ഒരു ഉത്തമഗ്രന്ഥമാകുന്നു **-സത്യഗ്രന്ഥം-**



**ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ റവ. എം .കുഞ്ഞപ്പി**

സത്യഗ്രന്ഥം ഈ കാലഘട്ടത്തിന് ആവശ്യം. വേദപുസ്തക സത്യങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു പഠിതാവിനും മാറ്റിവയ്ക്കുവാൻ കഴിയാത്ത ഏറ്റവും ഉത്തമ പഠന സഹായിയാണ്. **-സത്യഗ്രന്ഥം-**



**റവ. ഡോ. റ്റി. ജി. കോശി FAITH THEOLOGICAL SEMINARY മണക്കാല.**

**തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും സത്യ ഗ്രന്ഥത്തിന്റെ സവിശേഷത ഒരു സമ്പൂർണ്ണ ബൈബിൾ പഠന ഗ്രന്ഥം** എന്ന നിലയിലാണ്. ആധുനിക ബൈബിൾ വിവർത്തന രംഗത്ത്, ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഇദം പ്രഥമമായാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. ക്രൈസ്തവകൈരളിയ്ക്ക് നിസ്തുലമായ ഒരു സംഭാവനയാണ് **-സത്യഗ്രന്ഥം-**

1988-ൽ വിശ്വാസ ജീവിതം തുടങ്ങിയ സണ്ണികളമ്പുകാട്ടുശ്ശേരിയുടെ നീണ്ട ഇരുപത്തിരണ്ടു വർഷം കൊണ്ട് പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും ജീവനുള്ള ദൈവത്തിൽ നിന്നും പ്രാപിച്ച അനുഗ്രഹത്തിന്റെയും ഫലമായി കർത്താവായ യേശു ഭരമേല്പിച്ച ദൗത്യമാണ് ഈടുറ്റ ഈ ബൃഹത്ഗ്രന്ഥം.

**റൈറ്റ് റവ. മൈക്കിൾ ജോൺ C S I Bishop (Rtd.)**



തിരുവചന പഠിതാക്കൾക്ക് വളരെയധികം വിജ്ഞാനവും ആത്മീയ പ്രചോദനവും നല്കുന്ന ഉത്തമ ഗ്രന്ഥം മുൻകാല ബൈബിൾ പ്രസ്ദ്ധീകരണങ്ങൾക്ക് വന്ന വിവർത്തന തെറ്റുകളും അവ്യക്തതകളും നീക്കിയ ഈ ഗ്രന്ഥം ക്രൈസ്തവ സഭയ്ക്ക്ഒരു അനുഗ്രഹമാണ്. 1988-ൽ വിശ്വാസ ജീവിതം തുടങ്ങിയ സണ്ണികളമ്പുകാട്ടുശ്ശേരിയുടെ നീണ്ട ഇരുപത്തിരണ്ടു

വർഷം കൊണ്ട് പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും ജീവനുള്ള ദൈവത്തിൽ നിന്നും പ്രാപിച്ച അനുഗ്രഹത്തിന്റെയും ഫലമായി കർത്താവായ യേശു ഭരമേല്പിച്ച ദൗത്യമാണ് ഈടുറ്റ ഈ ബഹൃത്ഗ്രന്ഥം. കൂടുതൽ വിവരങ്ങൾക്കും ബുക്കഗിനുമായി ഞങ്ങൾ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ

ദൈവത്തിന്റെ ദാസന്മാരാകുന്നു. എസ്രാ.5: 11;

**ഞങ്ങളുടെ വിലാസം:** **സത്യഗ്രന്ഥം പബ്ലിക്കേഷൻസ്**

**പി. ഒ. പുത്തൻകുരിശ്, എറണാകുളം 682308., ഫോൺ: 0484; 311 3559 , +919495 812 791; +91 9400189886,**

**Email:sathyagrendham@gmail.com**






# ചർച്ച് ഓഫ് ഗോഡ് യു.കെ ആന്റ് അയർലന്റിന് പുതിയ നേതൃത്വം



പാ. ജോ കുര്യൻ   പാ. സജി മാത്യുസ്   പാ.തോമസ് ജോർജ്   ബ്രദർ മാമ്മൻ ജോർജ്   പാ.ജോൺ മത്തായി   പാ.ബിജു ചെറിയാൻ

**ലണ്ടൻ:** ചർച്ച് ഓഫ് ഗോഡ് യു.കെ ആന്റ് അയർലന്റിന് പുതിയ നേതൃത്വം നിലവിൽ വന്നു. ടോൾവാരത്തിൽ വെച്ച് നടന്ന ജനറൽ ബോഡിയിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തുത്.പാസ്റ്റർ ജോ കുര്യൻ(പ്രസിഡന്റ്), പാസ്റ്റർ സജി മാത്യുസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ തോമസ് ജോർജ് (നാഷണൽ സെക്രട്ടറി), ബ്രദർ മാമ്മൻ ജോർജ് (നാഷണൽ ട്രഷറാർ), പാസ്റ്റർ ജോൺ മത്തായി (ചർച്ച് ഗ്രോത്ത് ആന്റ് ഇവാഞ്ചലിസം), പാസ്റ്റർ ബിജു ചെറിയാൻ (സണ്ടേസ്കൂൾ ഡയറക്ടർ), ഡോണി തോമസ് (യൂത്ത് കോഡിനേറ്റർ), ജിബിൻ ജോർജ് (യൂത്ത് കോഡിനേറ്റർ), ജോസ് മോൻ പൗലോസ് (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ വർഗിസ് തോമസ്, പാസ്റ്റർ ജോസഫ് റെയ്നോൾഡ്, ബോബി മണിയാട്ട്, ബേബികുട്ടി സി.കെ, സോജൻ ജോൺ, സണ്ണി ജോൺ (കൗൺസിൽ മെമ്പറുമാരർ) എന്നിവരെയാണ് തിരഞ്ഞെടുത്തുത്. അടുത്ത കോൺഫറൻസ് 2012 ജൂലൈ 20 മുതൽ 22 വരെ മാഞ്ചസ്റ്ററിൽ വെച്ച് നടത്തുവാൻ തിരുമാനിച്ചു. കോൺഫറൻസ് കൺവീനറായി സുവിശേഷകൻ ബോബി എം ജോണിനെയും, സെക്രട്ടറിയായി പാസ്റ്റർ ജോസഫ് റെയ്നോൾഡിനെയും തിരഞ്ഞെടുത്തു.






# കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന് നവ നേതൃത്വം



എസ്.പി.ജയിംസ്   രാജു പൊന്നോലിൽ   രാജു തരകൻ   സാം മാത്യു   ബിനു ജോൺ

**ഒക്കലഹോമ:** നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് എഴുത്തുകാരുടെയും വാർത്ത വിനിമയ മാധ്യമ പ്രവർത്തകരുടെയും ഐക്യവേദിയായ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന്റെ അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളെ ഒക്കലഹോമ കൺവൻഷൻ സെന്ററിൽ കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ തിരഞ്ഞെടുത്തു.2013 വരെയാണ് ഭാരവാഹികളുടെ കാലാവധി.

ദീവ്യ വാർത്ത എഡിറ്റർ എസ്.പി.ജയിംസ് ഡാളസ് (പ്രസിഡന്റ്), ക്യാമ്പസ് ക്രൂസേഡു പ്രവർത്തകനായ രാജു പൊന്നോലിൽ ഫ്ളോറിഡ (ജനറൽ സെക്രട്ടറി), എക്സപ്രസ്സ് ഹെറാൾഡ് പത്രത്തിന്റെ പബ്ലീഷറായ രാജു തരകൻ ഡാളസ് (വൈസ് പ്രസിഡന്റ്), യുവജന പ്രവർത്തകനായ സാം മാത്യു ഡാളസ് (നാഷണൽ ട്രഷറാർ), ബിനു ജോൺ കരോലിന (ജോയിന്റ് സെക്രട്ടറി) എന്നിവരെയാണ് തിരഞ്ഞെടുത്തത്.

# ബൈബിൾ വിതരണം നടത്തി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരള സ്റ്റേറ്റ് വൈ.പി.യുടെ ആഭിമുഖ്യത്തിൽ തൊടുപുഴ സോണൽ സെമിനാറിനോടനുബന്ധിച്ച് ബൈബിൾ വിതരണം നടത്തി. കോതമംഗലം ദൈവ സഭാ ഹാളിൽ വെച്ച് നടന്ന ഏകദിന സെമിനാറിലാണ് ബൈബിൾ വിതരണം നിർവ്വഹിച്ചത്. തദവസരത്തിൽ വൈ.പി.ഇ സ്റ്റേറ്റ് പ്രസിഡന്റ് വൈ.റെജി, സ്റ്റേറ്റ് സെക്രട്ടറി അജി കുളങ്ങര, മറ്റ് ബോർഡ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. സെമിനാറിന് തൊടുപുഴ സോണൽ കോഡിനേറ്റർ പാസ്റ്റർ കെ.കെ. സജി നേതൃത്വം നൽകി.



*കോതമംഗലം ദൈവസഭ ഹാളിൽ വെച്ച് പാസ്റ്റർ എം.ഇ.ബേബി പാസ്റ്റർ സുനിഷ് ജോസഫിന് ബൈബിൾ നൽകുന്നു. പാസ്റ്റർ വൈ.റെജി, ബ്രദർ അജി കുളങ്ങര, പാസ്റ്റർമാരായ തോമസ് എം.പുളിവേലിൽ, വി.എ.തോമസുകുട്ടി, ബോർഡംഗങ്ങൾ എന്നിവർ സമിപം.*

# ഇസ്രായേൽ ജനം എന്ന പേര് ലഭിച്ചിട്ട് 3323 വർഷം

**ടെൽ അവീവ്:** ഇസ്രയേൽ ജനതക്ക് പീപ്പിൾ ഓഫ് ഇസ്രായേൽ അഥവാ ഇസ്രായേൽ ജനം എന്ന പേര് ലഭിച്ചിട്ട് 3323 വർഷമായതായി യഹൂദചരിത്ര പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ഇസ്രായേൽ ജനമെന്ന പേര് ആദ്യമായി ഉപയോഗിച്ച മനുഷ്യൻ മറ്റാരുമല്ല ഈജിപ്റ്റിലെ ഫറവോ ആയിരുന്നുവെന്നാണ് ചരിത്രപഠനങ്ങൾ കണ്ടെത്തിയിരിക്കുന്ന മറ്റൊരു കാര്യം. യഹൂദാ മതഗ്രന്ഥമായ തോറയിലും ബൈബിളിലെ പഴയനിയമത്തിലും രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളുടെയും ജൂത കലണ്ടറിന്റെയും മറ്റ് എബ്രായ ചരിത്ര രേഖകളുടെയും അടിസ്ഥാനത്തിൽ യഹൂദ ചരിത്ര ഗവേഷകനായ എലിസർ ഷുൽമാൻ നടത്തിയ കണക്കുക്കൂട്ടലുകളുടെ ഒടുവിലാണ് ഈ കണ്ടെത്തൽ.




## മാട്രിമോണിയൽ

പെന്തക്കോസ്ത് യുവാവ് (30) ഇരുനിറം 5‘4’ BCom, B.D, Tally ,Cleared IELTS U.K യിൽ സ്റ്റുഡൻസ് വിസയിൽ പോകുവാൻ ഫയൽ ചെയ്തിരിക്കുന്നു. Work Permit ഉള്ള വിസ. ജോലിയുള്ളതോ ജോലി ലഭിക്കുവാൻ സാദ്ധ്യതയുള്ളതുമായ യുവതികളുടെ മാതാപിക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ഫോൺ 04868-250307, 9447313709, 9495820808**


യുഗവിചാരണ



# നല്ല കൂട്ടുകാർക്കായ്

എസ്.റ്റി.എൻ, 9447313709

‘**അ**നീതിയുള്ള മാമോനെക്കൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കികൊൾവിൻ എന്നു ഞാൻ നിങ്ങളോട് പറയുന്നു.’ (ലൂക്കോസ് 16:9). രക്ത ബന്ധങ്ങളെക്കാൾ പവിത്രമായ ചില കർമ്മ ബന്ധങ്ങളുണ്ട് ഈ ഭൂമിയിൽ.അതിൽ ഒന്നാണ് സുഹൃദ്ബന്ധം. നല്ലൊരു സുഹൃത് ബന്ധം ഇവിടെ കാത്തു സൂക്ഷിക്കണമെങ്കിൽ പ്രധാനമായും മൂന്നു കാര്യങ്ങൾ ഏതൊരു വ്യക്തിയും പാലിക്കണം.1) നമ്മോടു തന്നെ ക്ഷമിക്കുക 2) അപ്രീയ അനുഭങ്ങളുടെ പേരിൽ മറ്റൊരുവനോട് ക്ഷമിക്കുവാൻ കഴിയുക.3) നമുക്ക് ദൈവത്തോട് പരിഭവം ഇല്ലാതിരിക്കുക. ഇതും മൂന്നും ഒരുവൻ ശരിയായ രീതിയിൽ കാത്തു സൂക്ഷിക്കുവാൻ തയ്യാറായാൽ ഏതൊരു ബന്ധവും പുഷ്പിക്കുവാൻ ഇടയാകും എന്നതാണ് സത്യം. നാം കാത്തു സൂക്ഷിക്കുന്ന നമ്മുടെ സൗഹൃദത്തിന്റെ ഇഴകളാണ് ഒരുവനെ നമ്മളുമായി അടുപ്പിക്കുന്നത്. സൗഹൃദത്തിന് മനുഷ്യ മനസ്സുകളെ സ്വാധീനിക്കത്തക്ക അപാരാമായ ശക്തിയാണുള്ളത് . ഏറ്റവും പുതിയ ഒരു പഠനം തെളിയിക്കുന്നത് നിസ്വാർത്ഥവും നിർവ്യാജവുമായ സൗഹൃദത്തിന് ആയുസ്സ് കൂട്ടുന്നതിന് ശക്തിയുണ്ടെന്നാണ്. ടെൽ അവിവിലെ യുണിവേഴ്സിറ്റിയിലെ ഒരു സംഘം ഗവേഷകർ നടത്തിയ പഠനത്തിലാണ് സഹപ്രവർത്തുകരുമായുള്ള നല്ല ബന്ധവും സൗഹൃദാന്തരീക്ഷവും കാത്തു സൂക്ഷിക്കുന്നവരിൽ ആയുസ്സ് കൂടുന്നതായി കണ്ടെത്തിയത്. ഇരുപതു വർഷമായി ദിവസം 8 മണിക്കൂർ ജോലി ചെയ്യുന്നവരെയാണ് പഠന വിധേയമാക്കിയത്. പഠന വിധേയമാക്കിയവരിൽ ശത്രുത പാടേ മറക്കുവാൻ കഴിയുന്നവർക്ക് ഓഫിസിൽ നമ്മെ ഇഷ്ടം ഇല്ലാത്തവരുമായി പോലും ബന്ധം പുലർത്തുവാൻ കഴിയുന്നവർക്കും ആയുസ്സ് വർദ്ധിക്കുന്നതായി കണ്ടെത്തി. അവരുടെ ടെൻഷൻ ഇറക്കി വെയ്ക്കുന്നതിനുള്ള ഒരു ഇടം ആണ് സുഹൃത് ബന്ധം. ഒന്നാലോചിച്ചാൽ നമുക്ക് നമ്മുടെ ബന്ധങ്ങൾ കാത്തു സൂക്ഷിക്കുവാൻ കഴിയുന്നുണ്ടോ?. പലതും ക്ഷമിക്കുവാൻ കഴിയാതെ മനസ്സിനുളളിലും പുറത്തും സംഘർഷങ്ങളും അസ്വസ്ഥതകളും ഉമിതീ കണക്കേ എരിയുമ്പോൾ സംഘർഷം ഇറക്കി വെയ്ക്കുവാൻ ദൈവം കഴിഞ്ഞാൽ പിന്നെ മറ്റൊരു സ്നേഹിതൻ ആരുണ്ട് ഇന്ന് നമുക്ക്. ഗത്സമനയിൽ യേശുവും സ്നേഹിതരെ തിരയുന്നു. പ്രാണവേദനയിൽ മരണത്തോട് അടുക്കുമ്പോൾ അരുമ ശിഷ്യന്മാരുടെ അരികിൽ എത്തി ചോദിക്കുന്നു “നിങ്ങൾക്ക് എന്നോടു കുടെ അര നാഴിക നേരം ഉണർന്നിരിക്കുവാൻ കഴിയുന്നില്ലേ” എന്ന്. സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു അനർത്ഥ കാലത്തോ അവൻ സഹോദരനായി തീരുന്നു. മനുഷ്യന്റെ ജീവിതത്തിന്റെ ജയപരാജയങ്ങൾക്ക് ഒരേയൊരു കാര്യമേയുള്ളു ബന്ധങ്ങൾ ശരിയായ വിധത്തിൽ കാത്തു സൂക്ഷിക്കുവാൻ കഴിയാതെ പോകുന്നത്.സ്വന്തം ജീവിതത്തെ സ്നേഹിക്കുവാൻ കഴിയുന്നതു പോലെ, മറ്റുളളവരെയും അവരുടെ എല്ലാം കയ്പും മധുരത്തോടും കൂടെ സ്നേഹിക്കണം അപ്പോൾ നമ്മുടെ ജീവിതം പ്രത്യാശ പൂർണ്ണമായി മാറും. ജീവിതം അർത്ഥപൂർണ്ണമായി മാറുന്നത് ആരോ സ്നേഹിക്കുവാൻ ഉള്ളതു കൊണ്ടാണ് എന്നത് നാം മനസ്സിലാക്കണം. നാം സ്നേഹിക്കുന്നുവെങ്കിൽ മാത്രമേ മറ്റുളളവർ നമ്മെ സ്നേഹിക്കുകയുള്ളു. ദൈവം നമ്മെ സ്നേഹിച്ചത് നമ്മിൽ നിന്നും യാതൊന്നും പ്രതിക്ഷിച്ചല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ അവനെ മാത്രമല്ല അവന്റെ സമൂഹത്തെക്കൂടി സ്നേഹിക്കുന്നു. മഹനായ അരിസ്റ്റോട്ടിൽ ഇപ്രകാരം എഴുതി ‘നല്ലൊരു മനുഷ്യൻ തന്റെ സ്നേഹിതർ മുഖാന്തിരം സമൂഹത്തോടു ബന്ധപ്പെട്ടിരിക്കുന്നതു പോലെ തന്നോടു തന്നെയും ബന്ധപ്പെട്ടിരിക്കുന്നു’. ഒരുവൻ നല്ല സ്നേഹിതനോ എന്ന് തിരിച്ചറിയുന്നത് നാലു കാര്യങ്ങൾ കൊണ്ടാണ് 1) നല്ല സ്നേഹിതൻ തന്റെ സ്നേഹിതരെ എല്ലാകാലത്തും സ്നേഹിച്ച് ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് സഹായിക്കുന്നു.2) നല്ല സ്നേഹിതൻ തന്റെ സ്നേഹിതർക്ക് ഒരു സഹായം ആവശ്യമായി വരുമ്പോൾ അത് നൽകി കൊടുക്കുകയും വേണ്ട പ്രോത്സാഹനവും നൽകുന്നു. 3)നല്ല സ്നേഹിതൻ തന്റെ സ്നേഹിതരുടെ രോഗങ്ങൾക്കു ശമനം വരുത്തുകയും, കഴിവുകളെ പ്രോത്സാഹിപ്പിച്ച് അതിനെ വളർത്തുകയും ചെയ്യുന്നു 4) നല്ല സ്നേഹിതൻ തന്റെ സ്നേഹിതരെ എല്ലാകാലത്തും ക്രീയാത്മകമായി മാത്രം വിമർശിക്കുന്നു കാരണം വാക്കുകളുടെ ശക്തി അദ്ദേഹത്തിനറിയാം, ഇതിൽ ഏതാണ് നാം നല്ല ശമര്യക്കാരനോ അതോ സ്വന്ത ഗുണം മാത്രം അന്വേഷിക്കുന്നവനോ ഒരു മാറ്റത്തിന് സമയമായി, സ്വാർത്ഥത നിറഞ്ഞ ഈ ലോകത്ത് സ്വന്ത ഗുണം മാത്രം അന്വേഷിക്കാതെ മറ്റുള്ളവരുടെ ഗുണം കൂടെ അന്വേഷിച്ച് സൗഹൃദം വർദ്ധിപ്പിച്ച് സുഹൃത്തുക്കളെ നേടാം.

## വധശിക്ഷ റദ്ദാക്കിയ ഇറാനിയൻ പാസ്റ്റർ തന്റെ വിശ്വാസം ത്യജിച്ചില്ലങ്കിൽ വധശിക്ഷ നടപ്പിലാക്കുമെന്ന് കോടതി

**ഇറാൻ:** റിലീജിയസ് റൈറ്റ്സ് ആക്റ്റിവിസ്റ്റ് പ്രകാരമുള്ള കോടതിവിധിയിൽ, മതഭ്രംശം മൂലം അറസ്റ്റിലായ പാസ്റ്റർ തന്റെ വിശ്വാസം ത്യജിച്ചില്ല എങ്കിൽ വധശിക്ഷ നടപ്പിലാക്കുമെന്ന് ഇറൻ സുപ്രീം കോടതി അറിയിച്ചു. ഇറാൻ വംശജനായ യൂസഫ് നടർഖാനി 2009ൽ അറസ്റ്റ് ചെയ്യപ്പെടുകയും കഴിഞ്ഞ വർഷം വധശിക്ഷ വിധിക്കുകയും ചെയ്തു. മുസ്ലീം മതത്തെ നിക്ഷേധിച്ചു എന്നും ക്രൈസ്തവ കുട്ടികളെ നിർബന്ധപൂർവ്വമുള്ള ഇസ്ലാമിക പഠിപ്പിക്കലിനെ എതിർത്തു എന്നും ആരോപിച്ചായിരുന്നു അറസ്റ്റിലായതും കഴിഞ്ഞ വർഷം വധശിക്ഷക്കു വിധിച്ചതും. പശ്ചാത്താപം ആവശ്യപ്പെട്ടു കൊണ്ടാണ് സുപ്രീം കോടതി



വധശിക്ഷ റദ്ദാക്കിയതും, കേസ് റഷ്ത്ത് കോടതിലേക്ക് തിരിച്ചയച്ചതും എന്ന് അഭിഭാഷൻ ദഡ്ക്കാ അറിയിച്ചു. ഇസ്ലാമിക ശരിയത്ത് നിയമ പ്രകാരം പശ്ചാത്താപം എന്നത് പാസ്റ്റർ നടർഖാനി തന്റെ മത പരിവർത്തനം പരിത്യജിച്ച് മുസ്ലിം മതത്തിലേക്ക് മടങ്ങുക എന്നാതാണ്. ശിക്ഷ നടപ്പിലാക്കണമോ വേണ്ടയോ എന്നത് തന്റെ വിശ്വാസം പരിത്യജിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ക്രിസ്റ്റ്യൻ സോളിഡാരിറ്റി വേൾഡ് പറയുന്നു. വിശ്വാസം ത്യജിക്കാനായിരുന്നു എങ്കിൽ അത് നേരത്തെ ആകേണ്ട പല സന്ദർഭങ്ങളും വന്നിട്ടുണ്ടെന്നും അദ്ദേഹം വിശ്വാസം ത്യജിക്കുക ഇല്ല എന്നും അദ്ദേഹത്തെ അറിയുന്നവർ പറയുന്നു. റഷ്ത്തിൽ നിന്നള്ള നടർഖാനി തന്റെ യൗവ്വന പ്രായത്തിൽ കർത്താവിനെ സ്വീകരിക്കുകയും പിന്നീട് വളരെ ഊർജ്ജസ്വലതയുള്ള പാസ്റ്ററാവുകയും അനേക ഇസ്ലാമികൾ ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഇത് കാരണമാവുകയും ചെയ്തു

## ക്രിസ്ത്യൻ മിഷനറിമാരുടെ തട്ടിപ്പ് നിർത്തലാക്കുവാൻ എന്ന പേരിൽ 6,500 ബൈബിളുകൾ ഇറാൻ പിടിച്ചെടുത്തു

**ഇറാൻ:** ക്രിസ്ത്യാനിത്വത്തിന് എതിരായ ഇറാനിയൻ അധികാരികളുടെ ഏറ്റവും അവസാനം നടന്ന അടിച്ചമർത്തലാണ് ബൈബിളിന്റെ 6,500 കോപ്പികൾ പിടിച്ചെടുത്തുത്. തെറ്റായ പ്രചരണത്തിലൂടെ ഇറാനിയൻ യുവാക്കളെ ക്രിസ്ത്യൻ മിഷനറിമാർ തെറ്റിക്കുന്നു എന്ന കാരണം പറഞ്ഞാണ് സർക്കാർ ബൈബിളുകൾ പിടിച്ചെടുത്തത്. ഇതിനെ കുറിച്ചുള്ള ചുരുക്കം വിവരങ്ങൾ മാത്രമാണ് ഇപ്പോൾ പുറത്തു വന്നിരിക്കുന്നത്. ഇറാൻ പാർലമെന്റിന്റെ സോഷ്യൽ ഇഷ്യൂസ് കമ്മിറ്റി നിർദ്ദേശകനായ ഡോ. മജിദ് അബാരി, മിഷനറിമാർ പണത്തിലൂടെയും പ്രചാരണത്തിലൂടെയും യുവാക്കളെ തട്ടിപ്പിനിരയാക്കുവാൻ ശ്രമിക്കുന്നതായി ഒരു സർക്കാർ അഭിമുഖ സംഭാഷണത്തിൽ മെഹർ ന്യൂസ് ഏജസിയോട് പറഞ്ഞു. വോയ്സ് ഓഫ് മാർട്ടിയർസ്ന്റെ അഭിപ്രായത്തിൽ ഇറാനിൽ മിഷനറി പ്രവർത്തനങ്ങൾ നിർത്തലാക്കി എങ്കിലും അടുത്ത വർഷങ്ങളിൽ ക്രിസ്തു വിശ്വാസത്തിലേക്ക് വരുന്നവരുടെ എണ്ണം ഇസ്ലാമിക രാജ്യങ്ങളിൽ വർദ്ധിച്ചതായി അറിയുന്നു. ഇസ്ലാമിൽ നിന്നും മറ്റു മതങ്ങളിലേക്ക് മാറുന്നത് മതഭ്രംശമായി കണക്കാക്കപ്പെടുന്ന വലിയകുറ്റമാണ്, മത്രമല്ല മരണ ശിക്ഷവരെ ഈ കുറ്റത്തിന് ലഭിക്കാവുന്നതുമാണ്.

## പ്രതികരണങ്ങൾ

സുവിശേഷികരണത്തിന്റെ പേരിൽ അനേക തട്ടിപ്പുകൾ അരങ്ങേറുന്ന ഈ കാലത്ത് യുഗാന്ത്യ സന്ദേശം കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധികരിച്ച ഒറ്റയാൻ മിനിസ്ട്രിക്കാർ വർദ്ധിക്കുന്നു കബളിപ്പിക്കൽ സജീവമാകുന്ന എന്ന ലേഖനം വളരെ നന്നായിരുന്നു. ഇനിയും ഇതു പോലെ കാലിക പ്രസക്തമായ ലേഖനങ്ങൾ പ്രതിക്ഷിക്കുന്നു.

**ഷിജി എബ്രഹാം കണ്ണൂർ**

ഒരു നേരത്തെ ആഹരത്തിനു വേണ്ടി എന്തും ചെയ്യുവാൻ മടിയില്ലാത്ത വിധം മനുഷ്യൻ മാറുന്ന ഈ ലോകത്ത്. ദൈവവചനത്തേയും അവർ ആദായ സൂത്രമാക്കുന്നു. എല്ലാ സഭകളും പാസ്റ്റേഴ്സ് ഡയറക്ടറി പ്രസിദ്ധികരിക്കുന്നതു കൊണ്ട് തട്ടിപ്പു നടത്തുവാൻ ഒരു ഡയറക്ടറി വാങ്ങി, കുത്തിയിരുന്ന ഒരു മീറ്റിംഗ് തരാമോ? ഞങ്ങൾ വടക്കേ ഇൻഡ്യയിൽ പ്രവർത്തിക്കുന്നവരാ ഒരു സൈക്കിൾ പോലും സ്വന്തമായി ഇല്ല എന്നു പറയുന്നവരോട്, നിങ്ങൾ ഏത് സംഘടനയുടെ ഭാഗമാണ് എന്ന് ചോദിച്ചാൽ സ്വന്തം സംഘടന പ്രസിഡന്റ് ഞാൻ ഭാര്യ സെക്രട്ടറി എന്ന് വിധം തട്ടിപ്പുകൾ പലവിധമുലകിൽ സുലഭം. കഴിഞ്ഞ ലക്കത്തിലെ ലീഡിംഗ് ന്യൂസ് ഈ കാലഘട്ടത്തിന് ഏറ്റവും അനുയോജ്യമായിരുന്നു.

**കുരുവിള കെ ജോസഫ്, മാട്ടുക്കട്ട, കട്ടപ്പന, ഇടുക്കി.**

യുഗാന്ത്യ സന്ദേശം ഒന്നിനൊന്ന് മെച്ചപ്പെട്ടു വരുന്നത് കാണുന്നതിൽ സന്തോഷിക്കുന്നു. മുഖ പക്ഷം നോക്കാതെ ദൈവ പക്ഷം നോക്കി സമുഹത്തിലെ അനിതികൾക്കെതിരെ തൂലിക എടുക്കുന്നതോർത്ത് അഭിമാനം കൊള്ളുന്നു. കഴിഞ്ഞ ലക്കം എന്തു കൊണ്ടും എടുത്ത് പറയേണ്ടതായ ഒന്നാണ് പ്രത്യേകിച്ച് നിങ്ങളുടെ കവർ സ്റ്റോറി. ഇപ്രകാരം ദൈവ വേലയുടെ നാമത്തിൽ കബളിപ്പിക്കുവാൻ ശ്രമിക്കുന്നവരുടെ മുഖം മൂടി അഴിച്ചു മാറ്റുവാൻ ഇനിയും ശ്രമിക്കണം.

**ഉല്ലാസ് തേന്മാംക്കുഴി, 200 ഏക്കർ, അടിമാലി.**

## അമാനുഷികനെ നിർമ്മിക്കുവാൻ പരിക്ഷണങ്ങളുമായി ശാസ്ത്ര ലോകം

**ന്യൂയോർക്ക്:** മനുഷ്യ രാശിയുടെ നാശത്തിന് കാരണമാകാവുന്നതും പ്രകൃതിയുടെ നിലനിൽപ്പിനെ തന്നെ തകിടം മറിക്കുന്നതിന് കാരണമായേക്കാവുന്നതുമായ രഹസ്യ ശാസ്ത്രിയ പരീക്ഷണങ്ങൾ അമേരിക്കയിലും ലോകത്തിന്റെ പല ഭാഗത്തും നടക്കുന്നതായി റിപ്പോർട്ട്. മനുഷ്യനെ അമാനുഷിക കഴിവുളളവരായി മാറ്റുകയാണ് ഇതിന്റെ ലക്ഷ്യം. ട്രാൻസ് ഹ്യൂമാനിസം എന്ന പേരിൽ അറിയപ്പെടുന്ന ഈ പരിക്ഷണങ്ങൾ സാങ്കേതിക വിദ്യയിൽ മുൻ പന്തിയിൽ നിൽക്കുന്ന പല രാജ്യങ്ങളിലും പുരോഗമിക്കുന്നതായി അറിയുന്നു.

മനുഷ്യ ശരിരത്തിലെ ഡി.എൻ.എ ഘടനയിൽ മാറ്റം വരുത്തി 50% മനുഷ്യ സ്വഭാവും 50% ചില മൃഗങ്ങളുടെ സ്വഭാവും കടത്തി ഭാവ മാറ്റം വരുത്തി മനുഷ്യനെ അമാനുഷികനായി മാറ്റുന്നു. ഇതിന് നിരവധി അത്യാധൂനിക ശ്സ്ത്ര സാങ്കേതിക വിദ്യകളുടെ സഹായം ആവശ്യമാണ്, ഇപ്രകാരം മനുഷ്യനെ അമാനുഷിക കഴിവുള്ളവരാക്കി മാറ്റുന്നതിനെയാണ് ട്രാൻസ് ഹ്യൂമാനിസം എന്ന് പറയുന്നത്. അതായത് ഒരു സാധാരണ മനുഷ്യനെ ജനിതകപരമായും സങ്കേതിക പരമായും മാറ്റം വരുത്തി ഹോളിവുഡ് സിനിമക്ളിൽ കണ്ടിട്ടുള്ള, സൂപ്പർമാൻ, സ്പൈഡർമാൻ, ടെർമിനേറ്റർ എന്ന നിലകളിൽ ആക്കുന്നത് ആണിത്. ജനിതക മാറ്റം വരുത്തുന്ന മനുഷ്യന് രോഗങ്ങൾ പിടിപെടുകയോ പ്രായം വർദ്ധിക്കുകയോ ക്ഷീണം തോന്നുകയോ ചെയ്യില്ല. ഒന്നിനെയും കുറിച്ചുള്ള വിഷാദവും, വിഷമവും ഇല്ലാത്ത ആൾ ആയിരിക്കും ഈ അമാനുഷികൻ. ഇതിന് സഹായമാകുന്നത് മനുഷ്യ ശരിരത്തിലെ ആരോഗ്യ വ്യതിയാനങ്ങൾ അടക്കം പലതും നിരീക്ഷിക്കുവാൻ കഴിവുള്ളതെന്ന് അവകാശപ്പെട്ട് ശാസ്ത്രജ്ഞര് രംഗത്തെത്തിച്ച ഇലക്ട്രോണിക്സ് സ്കിൻ ടാറ്റു. തലച്ചോറിലെ രുചി മണം എന്നിവ മനസ്സിലാക്കുകയും സ്വയം ചിന്തിക്കുകയും ചെയ്യുന്ന പ്രോട്ടൊ ടൈപ്പ് കോജിനിറ്റിവ് കംപ്യൂട്ടർ ചിപ്പ്. കൃത്രിമ ജീനുകളുടെ സഹായത്തോടെ കേബ്രിഡ്ജ് സർവ്വകലശാല വികസിപ്പിച്ചെടുത്ത ജീവി എന്നിവയാണ് ട്രാൻസ് ഹ്യൂമാനിസ്റ്റുകളിൽ ഉപയോഗിക്കുന്നത്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ ശാരിരീക മാനസ്സീക വികാരങ്ങൾ സാധരണ മനുഷ്യരെക്കാളും അധികം നിയന്ത്രിക്കുന്നവനും ഉല്ലാസത്തിന് കൂടുതൽ സമയം കണ്ടെത്തുന്നവനും ആയിരിക്കും.രഹസ്യ സ്വഭാവമുള്ള ഇത്തരം പരിക്ഷണങ്ങൾ മനുഷ്യരാശിയുടെ തന്നെ നാശത്തിന് കാരണമായേക്കാം എന്ന് ശാസ്ത്ര ലോകത്ത് പ്രവർത്തിക്കുന്നവർ മുന്നറിയിപ്പു നൽകുന്നു. ഈ കണ്ടു പിടിത്തങ്ങൾ പ്രകൃതിയോടും സൃഷ്ടാവായ ദൈവത്തോടും ഉള്ള വെല്ലുവിളിയായി വിവിധ മത സമൂഹങ്ങൾ പറയുന്നു. ബൈബിളിലെ അന്ത്യ കാല സംഭവങ്ങളോടും എതിർ ക്രിസ്തുവിന്റെ ആഗമനത്തിനുള്ള സമയമായെന്നും വേദ പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.


# ഇത്രത്തോളം ഉയർത്തിയ ദൈവത്തിന് മഹത്വം

## 2011–12 ലെ ഒരു ദിവസം കൊണ്ട് 103 പോളിസികൾ ! തിരുവനന്തപുരം ഡിവിഷനിൽ ചരിത്ര റിക്കാർഡുകൾ സൃഷ്ടിച്ചിരിക്കുന്നു.



**സി. ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി**

എൽ.ഐ.സി.യുടെ കൊട്ടാരക്കര ബ്രാഞ്ചിൽ 2007 - 2008 സാമ്പത്തിക വർഷത്തിൽ റിക്കാർഡുകൾ സൃഷ്ടിച്ച് കൊണ്ട് 600 പോളിസികളിൽ 6 കോടിയിൽ പരം ബിസിനസ് കരസ്ഥമാക്കി. രണ്ടര കോടി രൂപയുടെ ആദ്യ പ്രീമിയം ശേഖരിച്ച് തിരുവനന്തപുരം, കൊട്ടാരക്കര ഡിവിഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏക ഏജന്റ്, സോണലിൽ നാലാം സ്ഥാനത്തും ആകുന്നതിന് സഹായിച്ച ദൈവത്തിനും, സീനിയർ ബ്രാഞ്ച് മാനേജർ, അസി. മാനേജേഴ്സ്, ഡവലപ്മെന്റ് ഓഫീസേഴ്സ്, ബ്രാഞ്ചിലെ എല്ലാ ജീവനക്കാർക്കും, ഇന്ത്യയിലും, യു.എസ്.എ, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ്, ആസ്ത്രേലിയ, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലുള്ള എല്ലാ പോളിസി ഉടമകളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

**ഇൻഡ്യ ദൈവസഭ സ്റ്റേറ്റ് ബോർഡ് ട്രഷറാർ തെക്കൻ മേഖല ജനറൽ ബോർഡ് കോഡിനേറ്റർ, അടൂർ നോർത്ത് ഡിസ്ട്രിക്ട് ട്രഷറാർ, ഏനാത്ത് സഭാ സെക്രട്ടറി എന്നീ നിലകളിൽ ബ്രദർ സി. ജി. സാംകുട്ടി പ്രവർത്തിക്കുന്നു.**

**മക്കൾ : ജെം ജി. സാം, ജെമി സാം (യുഎസ്എ), വെസിലി വർഗീസ് (യുഎസ്എ)**

**ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അമേരിക്കയിൽ ഉള്ളവർക്ക് ബ്രദർ സി.ജി. സാംകുട്ടിയുമായി ബന്ധപ്പെടാവുന്നതാണ്.**

**ഫോൺ: 8327717939 (വെസ്‌ലി വർഗീസ്)**

**Head office:**
LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt. Bus Stand, Pulamon, Kottarakkara

**Branch Office:**
ജീവൻ ജ്യോതി LIC പോളിസി സർവ്വീസ് സെന്റർ,
ഏനാത്ത് പാലം, കുളക്കട പി.ഒ., കൊല്ലം
Ph: 04734 325341
**Mob: 9447192916, 9446185886**

**RESIDENCE:** ഗിൽഗാൽ ജെം ഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട - 691 526. Res: 04734 - 212916, 210795

**എൽ.ഐ.സി.യുടെ പോളിസി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഈ ഓഫീസുകളുമായി ബന്ധപെടാവുന്നതാണ്.**

**എൽ.ഐ.സി കൊട്ടാരക്കര ബ്രാഞ്ചിൽ ഇൻഷുറൻസ് അഡ്വൈസറെ (ഏജന്റ്) ആവശ്യമുണ്ട്.**

മിനിമം വിദ്യാഭ്യാസ യോഗ്യത
**എസ്. എസ്. എൽ. സി പാസ്സായിരിക്കണം.**
ഉടൻ ബന്ധപ്പെടുക. **Mob: 9447192916, 9446185886**

പുതിയ പോളിസികൾ എടുക്കുന്നതിന് ചുരുങ്ങിയ കാലയളവിൽ വലിയ ലാഭം കിട്ടുന്ന ഡിപ്പോസിറ്റ് സ്കീമുകളിൽ ചേരുവാനും ഞങ്ങളെ സമീപിക്കുക



റവ. ഷാജി കെ. ഡാനിയേൽ
*(യുഗാന്ത്യസന്ദേശം പേട്രൺ)*



തുടർച്ച

# സഭയും യുഗാന്ത്യവും

**ക്രിസ്തു നിഷേധം**

അന്ത്യകാലത്തുണ്ടാകുന്ന വിശ്വാസ ത്യാഗത്തിൽ പ്രധാനമത്രേ ക്രിസ്തു നിഷേധം. അപ്പൊസ്തലനായ പത്രൊസ് എഴുതുന്നു എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു. തങ്ങൾക്കു തന്നേ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്ക്കാമ പ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും . 2 പത്രൊ. 2:1-2 യിസ്രായേൽ ജനത്തിന്റെ മദ്ധ്യേ കള്ള പ്രവാചകന്മാർ ഉണ്ടായിരുന്നതുപോലെ സഭയിൽ ദുരുപദേഷ്ടാക്കന്മാർ എഴുന്നേൽക്കും. അവർ വിനാശകരമായ അബദ്ധോപദേശങ്ങൾ സഭയിൽ നുഴയിക്കും. വിശ്വാസികളുടെ ഇടയിൽ സാധാരണ ഉണ്ടാകാറുള്ള ചില ചില്ലറ വ്യാഖ്യാനഭേദങ്ങളെയല്ല അപ്പൊസ്തലൻ സൂചിപ്പിക്കുന്നത്; മറിച്ചു ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ ഇളക്കുന്ന മട്ടുള്ള വിശ്വാസഭ്രംശത്തെയാണ്. ഈ ദുരുപദേശത്തെ തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറയുന്ന തെന്നാണു അപ്പൊസ്തലർ വ്യക്തമാക്കുന്നത്.

ക്രൈസ്തവലോകത്തിൽ ഒരു നല്ല വിഭാഗം തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറയുകയാണ്. ഇതു രണ്ടു വിധത്തിലാണ് ക്രിസ്തു സഭയെ പീഡിപ്പിക്കുന്നത്. ഒന്നാമതായി ക്രിസ്തുവിന്റെ ആളത്വത്തെ (Person of Christ) നിഷേധിക്കുക; രണ്ടാമതായി ക്രിസ്തു കാൽവരിയിലൂടെ നിവർത്തിച്ച ആ വലിയ വേലയെ (The work of Christ) നിഷേധിക്കുക. നവമതം ക്രിസ്തുവിന്റെ കന്യകാജനനത്തെ അംഗീകരിക്കുന്നില്ല; മറിച്ചു യോസഫിന്റെയും മറിയയുടെയും സ്വാഭാവികസന്തതികളായി ക്രിസ്തുവിനെ കണക്കാക്കുന്നു. ക്രിസ്തുവിനെ ഒരതിമാനുഷനായി കരുതുവാൻ അവർക്കു പ്രയാസമില്ല; പക്ഷേ ക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കാൻ വയ്യ. ദൈവത്തെക്കുറിച്ചു അസാധാരണമായ അവബോധമുണ്ടായിരുന്ന ക്രിസ്തു ദൈവഹിതത്തിനു സ്വയം സമർപ്പിച്ചു പ്രവർത്തിക്ക നിമിത്തം ജനം അവനെ ദൈവമായി അംഗീകരിച്ചു; ദൈവപുത്രനെന്നു വിളിച്ചു. ക്രിസ്തു ഒരുത്തമ മാതൃകയാണ്. മറ്റുള്ളവർക്കു ക്രിസ്തുവിന്റെ മാതൃകയെ പിന്തുടർന്നു ദൈവമക്കളാകാവുന്നതേയുള്ളൂ. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണവും, മനുഷ്യന്റെ നഷ്ടപ്പെട്ട അവസ്ഥയും ദൈവകൃപയുടെ ആവശ്യകതയും നിഷേധിക്കുന്ന നവമതത്തെ നാശകരമായ മതഭേദം എന്നത്രേ അപ്പൊസ്തലൻ നാമകരണം ചെയ്യുന്നത്.

അനേകർ വിനാശകരമായ ഈ മതഭേദത്തെ അംഗീകരിക്കും. വളരെക്കുറച്ചുപേർ മാത്രമേ പത്ഥ്യോപദേശത്തിൽ നിലനിൽക്കുകയുള്ളൂ. ഉപദേശത്തിൽ നിലനിൽക്കുന്നവരെ ചിന്തിക്കാൻ കഴിവില്ലാത്തവരെന്നും, മൗലീകവാദികളെന്നും, കാലത്തിനൊത്തു നീങ്ങുന്നവരെന്നും വിളിച്ചാക്ഷേപിക്കും. അപ്പോസ്തലിക ഉപദേശം പ്രസംഗിക്കുന്നവരെ ഇന്നു സഭകൾക്കു സ്വീകാര്യമല്ല. കർണ്ണരസമാകുമാറു പ്രസംഗിക്കുന്നവരെയാണവർ അന്വേഷിക്കുന്നത്. ഇമ്മാതിരി ഉപദേഷ്ടാക്കന്മാർക്കു അപ്പൊസ്തലൻ പല വിശേഷണങ്ങൾ നൽകുന്നുണ്ട്. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും (2പത്രോ. 2:3) എന്നപ്പൊസ്തലൻ ഓർപ്പിക്കുന്നു. അവർ മലിനമോഹത്തോടു കൂടിയവരും, ജഡത്തെ അനുസരിച്ചു നടക്കുന്നവരും, കർത്തൃത്വത്തെ നിന്ദിക്കുന്നവരും അത്രേ (2പത്രോ.2:9). അവർ ബുദ്ധിയില്ലാത്ത ജന്തുക്കളാണ്; അറിയാത്തതിനെ ദുഷിക്കുന്നവരാണ്; അനീതിയുടെ കൂലി അനുഭവിക്കുന്നവരും സ്വന്തവഷളത്വത്താൽ നശിച്ചുപോകുന്നവരും ആണ് (2 പത്രോ. 2:13). വ്യഭിചാരിണിയെ കണ്ടു രസിക്കയും പാപം കണ്ടു തൃപ്തിപ്പെടുകയും സ്ഥിരമില്ലാത്ത ദേഹികളെ വശീകരിക്കുന്നതും ശാപയോഗ്യന്മാരാണ് (2പത്രോ.2:14). വെള്ളമില്ലാത്ത കിണറുകളും, കൊടുങ്കാറ്റുകൊണ്ടു ഓടുന്ന മഞ്ഞുമേഘങ്ങളും ആണ് ഇക്കൂട്ടർ. വഴിതെറ്റി നടക്കുന്നവരോടു ഇപ്പോൾ അകന്നു വന്നവരെ വമ്പു പറഞ്ഞു ദുഷ്ക്കാമവൃത്തികളാൽ കാമഭോഗങ്ങളിൽ കുടുക്കുന്നു. നാശത്തിന്റെ അടിമകളായിരിക്കുന്ന അവർ മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദത്തം ചെയ്യുന്നു. ഇവരുടെ പ്രവൃത്തികൾ വിചിത്രമത്രേ. ആധുനിക ക്രൈസ്തവഗോളത്തിൽ അപ്പൊസ്തലന്റെ വാക്കുകൾ എത്രത്തോളം നിറവേറിക്കൊണ്ടിരിക്കുകയാണെന്നതു സാമാന്യബുദ്ധിക്കു സുഗ്രാഹ്യമാണ്. സുവിശേഷ വിഹിത സഭകളിൽപോലും ഈ പ്രവണതകളുടെ പടർച്ചയ്ക്ക് കുറവില്ല. ഭക്തിയുടെയും സുവിശേഷീകരണത്തിന്റെയും മൂടുപടത്തിലാണെന്ന വ്യത്യാസമേയുള്ളൂ. മേളകളും, മെലഡികളും ഒരു മാനിയ ആയി മാറിയിരിക്കുകയാണ്. അന്ത്യകാലത്തു ഇവയെല്ലാം സംഭവിക്കേണ്ടതു തന്നെ. ഇമ്മാതിരി ദുരുപദേഷ്ടാക്കന്മാരെക്കുറിച്ച് യൂദായും പ്രവചിച്ചിട്ടുണ്ട്. നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമ വൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു; അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നേ എഴുതിയിരിക്കുന്നു യൂദാ. 4.






1) ദൈവത്തോട് നമ്മെ നിരപ്പിക്കുന്നത് ആർ ?
2) ഉഗ്രതയും വേഗതയും ഉള്ള ജാതി ഏത് ?
3) യഹോവ പ്രസാദിക്കാത്ത ഒരു നദി ?
4) 'സ്വർഗ്ഗത്തിലെ ദൈവമായ യഹോവ ഭൂമിയിലെ സകല രാജ്യങ്ങളെയും എനിക്കു തന്നിരിക്കുന്നു'എന്ന് പറഞ്ഞ രാജാവ് ?
5) ചുവർ കുത്തി തുറന്ന പ്രവാചകൻ ?
6) കരയേണ്ടതിന് പൂജാഗിരിയിൽ കയറിപ്പോയ രണ്ട് പട്ടണങ്ങൾ ?
7) ദൈവം ആട്ടിൻകൂട്ടങ്ങൾക്ക് താവളമാക്കുന്ന ദേശം ഏത് ?
8) വാക്കിലും പ്രവർത്തിയിലും സമർത്ഥനായി തീർന്ന ഒരു എബ്രായൻ ?
9) 'ആമേൻ' എന്ന പദം ആദ്യമായി കാണുന്നത് എവിടെ ?
10) നീതിമാൻ എന്ന് സാക്ഷ്യം ലഭിച്ച പ്രഥമ വ്യക്തി ?
11) 'ആഹാരം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല എന്ന് പറഞ്ഞത് ആര് ?
12) തീക്കും, ചുറ്റികയ്ക്കും തുല്യമായത് എന്ത് ?
13) യരുശലേമിൽ നിന്ന് എത്ര ദൂരത്തിലാണ് ബെഥാന്യ ?
14) യിസ്രായേലിനെ അനുഗമിച്ച ആത്മീക പാറ ?
15) 'ചന്ദ്രന് ശോഭയില്ല' എന്ന് കണ്ടുപിടിച്ചത് ആർ ?
16) അസ്ഥികൾക്ക് ദ്രവത്വം എന്ത് ?
17) മൃഗങ്ങൾക്ക് പുല്ല് അന്വേഷിച്ചു നടന്ന രാജാവ് ?
18) ന്യായപ്രമാണ പ്രകാരം പൂർണ്ണ മനസ്സോടും, പൂർണ്ണശക്തിയോടും കൂടെ യഹോവയിങ്കലേക്ക് തിരിഞ്ഞ ഏക രാജാവ് ?
19) സ്വജാതിക്കാർക്ക് തുണ നിൽക്കുന്ന മഹാപ്രഭു ?
20) വരുവാനുള്ള നന്മകളുടെ മഹാപുരോഹിതൻ ?

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1) യേശുക്രിസ്തു ( റോമ 16:26), 2) സീയോൻ (ഒബദ്യ: 1:21) 3) യഹോവയുടെ ദിവസം (യോവേൽ 2:1) 4) യഹൂദനായ മോർദ്ദെഖായി (എസ്ഥേർ 10:3) 5)ന്യായപ്രമാണം (റോമ 7:14) 6) കുപ്പകളെ (വിലാ 4:5) 7) യഹോശാഫാത്ത് (യോവേൽ 3:12) 8)സോദോം (വിലാ 4:6) 9) ജ്ഞാനികളുടെ (1 കൊരി 3:20) 10)യിശ്ശായി (1 ശമു 17:12) 11) ദോഷം (സഭാപ്ര 8:11) 12)അശ്ശൂർ ദേശം (യെശ 7:18) 13)എനിക്കു ദാഹിക്കുന്നു (യോഹ 19:28,29) 14)അഗ്രചർമ്മികളെ (റോമർ 3:30) 15) മഹാപുരോഹിതൻ (യോഹ 18:19) 16)ദാവീദ് (1ശമു 27:7) 17)യഹൂദാ (സെഖ്യ 12:7,8) 18) കിത്തീം (സംഖ്യ 24:24) 19) ദാവീദ് (മത്താ 1:6) 20) യേശു (മത്താ 12:6)

### സൂപ്പർ ബൈബിൾ ക്വിസ്സ് മത്സരം 7 ൽ എല്ലാ ഉത്തരവും ശരിയാക്കിയവർ

ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, സാറാമ്മ പാട്രിക്ക് പറണ്ടോട്, ഷീബാ സത്യപാൽ കോവളം, ഗ്രേസ് വർഗീസ് പതാരം, ഫെയ്ത്ത് ആന്റണി തൊടുപുഴ, എൽസമ്മ സാബു പതാരം, ജിനോ എൽസാ തോമസ് ഇടപ്പാവൂർ,ബ്ലെസ്സി പ്രെയ്സ് കാരയ്ക്കൽ, സുജമോൻസി ആറന്മുള, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, ആലിസ് ജോയി ഐരാണിക്കുടി, പിങ്കി സ്റ്റാൻലി ഐത്തോട്ടുവ, ശോശാമ്മ എബ്രഹാം പുതുപ്പള്ളി, ലില്ലി സണ്ണി കുവൈറ്റ്, മോളി സൈമൺ എണ്ണക്കാട്,ലീലാമ്മാ ജോസഫ് കവിയൂർ, അന്നമ്മ കെ.വി. കുരിയച്ചിറ, സൂസമ്മ ജോസ് ഏറുമ്പടം, സാറാമ്മ ജെയിംസ് കാനഡ, ഗ്രേസ് ജേക്കബ് പൂവത്തൂർ, അന്നമ്മ ജേക്കബ് പൂവത്തൂർ,ലിനോ മേരി വർഗീസ് താഴം, സൂസമ്മ ഗ്ലാഡ്സൺ പൂവത്തൂർ, എലിസബത്ത് തിരുവല്ല. ഗ്രേസ് ജേക്കബ് കുവൈറ്റ്

### സൂപ്പർ ബൈബിൾ ക്വിസ്സ് മത്സരം 7ൽ പങ്കെടുത്തവർ

ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, പൗളിൻ ഡേവിഡ് കോഴഞ്ചേരി, ശാന്തമ്മ തങ്കച്ചൻ ശൂരനാട്, ലിസിയാമ്മ ആന്റണി ചപ്പാത്ത്,ലൗവ്‌ലി ഷാജി തോമസ് കരികുളം, സൂസൻ ജോർജ്ജ് തിരുവനന്തപുരം,നിർമ്മല ഷാജി കുളത്തുർ, ഗ്രേസ് ചിന്നു വർഗീസ് ഇടപ്പാവൂർ, അന്നമ്മ രാജു കരുവാറ്റ, റിൻസി ടെസിൻ, പി.ഡി.ഹിൽസ്, എസ്റ്റിൻ സൈമൺ പത്തനംതിട്ട, ദീപാ ബിജു ഏറ്റുമാനൂർ,മേഴ്സി സാം ഇരവിപേരൂർ, രാജി മാർട്ടിൻ കൊല്ലം, മറിയാമ്മ തോമസ് ഓമല്ലൂർ, വൽസമ്മ ഈശോ കുന്നം,കുഞ്ഞമ്മ ജോൺ തിരുവല്ല,

**എല്ലാ ലക്കങ്ങളിലും അയക്കുന്ന ഉത്തരങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവരിൽ നിന്നാണ് ഒന്നും, രണ്ടും, മൂന്നും, സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ഈ ലക്കം ഉത്തരങ്ങൾ അയച്ചവർ എല്ലാ ലക്കവും മുടങ്ങാതെ ഉത്തരം അയക്കുവാൻ ശ്രദ്ധിക്കുക. സൂപ്പർ ബൈബിൾ കിസിന് ഒന്നാം സമ്മാനം പതിനായിരം രൂപ, രണ്ടാം സമ്മാനം ഏഴായിരം രൂപ, മൂന്നാം സമ്മാനം മൂവായിരം രൂപ. ശരിയായ ഉത്തരം അയച്ചുതരുന്ന വിജയികളുടെ പേരുകൾ ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## കൗൺസിലിങ്ങ് കോർണർ

# പ്രീ മാരിറ്റൽ കൗൺസിലിംഗ്





റവ. ജോൺസൺ ഡാനിയേൽ

**വിവാഹം**

കുടുബജീവിതത്തിന് ആരംഭം കുറിക്കുന്നത് വിവാഹത്തോടെയാണല്ലോ? വിവാഹം എന്നത് മനുഷ്യന്റെ ആശയമോ കണ്ടുപിടുത്തമോ അല്ല, പ്രത്യുത ദൈവത്തിന്റെ മനസിലുണ്ടായ ആശയമാണ്. വിവാഹം സ്ഥാപിച്ചത് ദൈവമാണ്. അതിനാൽ തന്നെ വിവാഹജീവിതം വിജയകരമായി എങ്ങനെയാണ് നയിക്കേണ്ടത് എന്നും ദൈവം പറഞ്ഞിട്ടുണ്ട്. നാം ഒരു സി.ഡിപ്ലെയറോ, വാഷിംഗ് മെഷീനോ അതുപോലെ ഏതെങ്കിലും ഉപകരണം വാങ്ങുമ്പോൾ അതിന്റെ കൂടെ പ്രവർത്തന നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ചെറിയപുസ്തകവും ലഭിക്കാറുണ്ട്. ഈ ഉപകരണം ഏറ്റവും നല്ല രീതിയിൽപ്രവർത്തിപ്പിക്കാനുള്ള കൃത്യമായ നിർദ്ദേശങ്ങൾ ആ പുസ്തകത്തിൽ ഉണ്ടായിരിക്കും. അതിലെ നിർദ്ദേശങ്ങൾ വായിച്ചു മനസിലാക്കി അതനുസരിച്ച് ആ യന്ത്രം ഉപയോഗിക്കുമെങ്കിൽ ഒരു കുഴപ്പം കൂടാതെ വളരെ നാളുകൾ അതുപയോഗിക്കുവാൻ സാധിക്കും. ആ ഉപകരണത്തെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നത് അതിന്റെ നിർമ്മാതാക്കൾക്കാണല്ലോ, അതുപോലെ വിവാഹജീവിതം വിജയപ്രദമായി നയിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ നാം ശ്രദ്ധിക്കണം എന്നുള്ള നിർദ്ദേശങ്ങൾ അടങ്ങിയ പുസ്തകം(ബൈബിൾ) ദൈവം നമുക്ക് തന്നിട്ടുണ്ട്. ബൈബളിൽ കേവലം വിവാഹജീവിതത്തെപ്പറ്റി മാത്രമല്ല, ജീവിതത്തിൽ നാം അറിയാൻ ആവശ്യമുള്ള സകല കാര്യങ്ങളെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. തിരുവചനത്തിൽ വിവാഹത്തെക്കുറിച്ച് ദൈവം പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ഗ്രഹിക്കുകയും അനുസരിക്കുകയും ചെയ്യുമെങ്കിൽ വിവാഹജീവിതം ധന്യമായിത്തീരും.

**എന്താണ് വിവാഹം**

വിവാഹം എന്താണെന്നറിവില്ലാതെയാണ് അധികം പേരും വിവാഹത്തിലേക്ക് പ്രവേശിക്കുന്നത്. അതുകൊണ്ട് തന്നെയാണ് അത് അധികം കഴിയുന്നതിനുമുമ്പെ വിവാഹമോചനത്തിൽ ചെന്നെത്തുന്നതും.

വിവാഹം എന്നത് നിയമപരമായി അനുവദിക്കപ്പെട്ട സ്ത്രീ-പുരുഷ ഏകീകരണമാണ്. വിവാഹം ഒരു ധാരണയോ, ആദർശമോ അല്ല; അത് മനുഷ്യജീവിതത്തിൽ സംഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും സ്വമേധയുമായ മാറ്റമാണ്. ഒരുമിച്ചുള്ള ജീവിത യാത്രയുടെ ആരംഭമാണത്. അതൊരു ജീവിതചര്യയാണ്, അതൊരു വ്യക്തി ബന്ധമാണ്, ജീവപര്യന്തമുള്ള ഒരു പങ്കാളിത്തമാണ്. അതു സ്നേഹത്തിന്റെയും ആദരവിന്റെയും ദൃഢമായ കൂട്ടുകെട്ടാണ്. ചുരുക്കത്തിൽ ജീവിതം സമ്പന്നമാക്കാൻ രണ്ടുപേർ ബുദ്ധിപരമായി ഒരു ജീവിതകാലം മുഴുവൻ പരസ്പരം സമർപ്പിക്കുന്നതാണ് വിവാഹം.

**വിവാഹത്തിന്റെ ഉദ്ദേശ്യം**

ഞാൻ മനുഷ്യന് തക്കതായൊരു തുണ ഉണ്ടാക്കികൊടുക്കും എന്നു പറഞ്ഞാണ് ദൈവം സ്ത്രീയെ ഉണ്ടാക്കിയതെന്ന് ഉല്പ:2:18-ൽ കാണുവാൻ കഴിയും. ഇതിൽ നിന്നും വിവാഹത്തിന്റെ പ്രഥമ ഉദ്ദേശ്യം സഖിത്വം (Companionship) ആണെന്ന് മനസിലാക്കാം. ഭാര്യയും ഭർത്താവും ഒരുമിച്ചു ജീവിതം പങ്കുവെയ്ക്കുക, ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ അന്യോന്യം സഹായിക്കുക, സന്തോഷത്തിന്റെ അവസരങ്ങളിലും പരസ്പരം താങ്ങായി കൂട്ടുനിൽക്കുക അതാണ് സഖിത്വം കൊണ്ടർത്ഥമാക്കുന്നത്. ഭാര്യയും ഭർത്താവും എക്കാലവും ഒന്നായിരിക്കുക എന്നതാണ് ദൈവഹിതം. വിവാഹമോചനം എന്നത് ചിന്തിക്കാൻ പോലും ദൈവം ആഗ്രഹിക്കുന്നില്ല. എന്നുമല്ല, ഉപേക്ഷണം താൻ വെറുക്കുകയും ചെയ്യുന്നു.( മാലാഖി:2:16)

രണ്ടാമതായി വിവാഹത്തിൽ അടങ്ങിയിരിക്കുന്ന ദൈവോദ്ദേശ്യം ആണ് വംശവർദ്ധനവ്(Procreation). ദൈവം ആദമിനെയും ഹവ്വയെയും അനുഗ്രഹിച്ചു പറയുന്ന വാക്കുകൾ ഇപ്രകാരമാണ്: “നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകിഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും സകല പ്രചര ജന്തുവിന്മേലും വാഴുവിൻ (ഉല്പ:1:8). സ്ത്രീയേയും പുരുഷനേയും കൂട്ടിച്ചേർത്തുള്ള ദൈവിക ഉദ്ദേശ്യം ഈ വാക്കുകളിൽ നിന്ന് വ്യക്തമാണ്.

മൂന്നാമതായി മാനസികവും ശാരീരികവുമായ സന്തോഷം അനുഭവിക്കുന്നതിനാണ് വിവാഹം. ശാരീരികമായ സന്തോഷം കുടുംബജീവിതത്തിൽ ദൈവം നൽകിയിരിക്കുന്നതാണ്. പരസ്ത്രീയിൽ ആനന്ദം കണ്ടെത്തുന്നത് വിലക്കുന്ന തിരുവചനം യൗവ്വനത്തിലെ ഭാര്യയിൽ സന്തോഷിക്കുവാൻ പൂർണ്ണ അനുവാദം നൽകുന്നു. വിവാഹേതര ലൈംഗികത പാപമാണ്. എന്നാൽ ഭാര്യക്ക് ഭർത്താവിനോടും ഭർത്താവിന് ഭാര്യയോടും തോന്നുന്ന വികാരവും പ്രേമവും വിശുദ്ധവും തിരുവചനനാസുരണവുമാണ്.

**ആരാണ് വിവാഹതിരാകേണ്ടത്?**

നമ്മുടെ ഭരണഘടനപ്രകാരം 21 വയസുള്ള പുരുഷനും 18 വയസുള്ള സ്ത്രീക്കുമാണ് വിവാഹിതരാകാൻ അനുവാദമുള്ളത്. ഈ പ്രായത്തിലാണ് വ്യക്തികൾ പ്രായപൂർത്തിയിലെത്തുന്നത് എന്ന് ഏവരും അംഗീകരിക്കുന്നു. ഒരു വ്യക്തി സ്ത്രീയായാലും പുരുഷനായാലും പ്രായപൂർത്തിയായി എന്നിരിക്കിലും അവർ മാനസികമായി പക്വത പ്രാപിക്കണമെന്നില്ല. 18 വയസ് പൂർത്തിയായ പെൺകുട്ടി അഥവാ 21 വയസ് കഴിഞ്ഞ യുവാവ് ശാരീരിക വളർച്ച കൈവരിക്കാം. എന്നാൽ അവരുടെ മനസ് കൊച്ചുകുട്ടിയുടേതാകാനും സാദ്ധ്യതയുണ്ട്. വ്യക്തികളുടെ മാനസികവും വൈകാരികവുമായ പക്വതയാണിവിടെ മാനസിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പെൺകുട്ടിയാണെങ്കിൽ ഭർത്താവിനോട് ആരോഗ്യപരമായി ഇടപെടാനുള്ള കഴിവ്, മാതൃത്വം, കുടുംബജീവിതം, ഗൃഹഭരണം, ശിശുപരിപാലനം എന്നി കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള പക്വത നേടിയിരിക്കണം. സ്ത്രീകളുടെ കാര്യം എന്ന പോലെ പുരുഷനും വിവാഹിതനായാൽ ഭർത്താവ്, കുഞ്ഞ് ജനിച്ചു കഴിയുമ്പോൾ പിതാവ് എന്നി റോളുകൾ കൈകാര്യം ചെയ്യേണ്ടതായി വരും. അതൊടൊപ്പം ഒട്ടേറെ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുകയാണ്. ഇതേക്കുറിച്ച് ഒരു വ്യക്തിക്ക് മനസ്സിലായില്ലെങ്കിൽ പ്രായപൂർത്തിയായി എന്നതുകൊണ്ട് പ്രയോജനമില്ല. ആകയാൽ വിവിധ റോളുകളെക്കുറിച്ച് അറിവ് ഉണ്ടായിരിക്കണം. ഇതൊക്കെ വിദ്യഭ്യാസം സ്വന്തം കുടുംബത്തിലെ അംഗങ്ങളുമായുള്ള ആരോഗ്യ പരമായ ഇടപാടുകൾ, അവരുമായുള്ള ശരിയായ ബന്ധം എന്നിവയിൽ നിന്നൊക്കെ ഉരുത്തിരിഞ്ഞു വരേണ്ടതാണ്. ചുരുക്കത്തിൽ ശാരീരികവും, മാനസ്സികവുമായ വളർച്ച പ്രാപിച്ചവരാണ് വിവാഹ ബന്ധത്തിൽ ഏർപ്പെടേണ്ടത്. ദേഹവും മനസ്സും ആത്മാവും ഉപാധികളില്ലാതെ കൈമാറുന്ന ബന്ധമാണ് വിവാഹം. വർത്തമാനകാലത്തും ഭാവിയിലും,നന്മയിലും തിന്മയിലും വിവാഹം നിലനിൽക്കേണം. വിവാഹം അത്ര പ്രധാന്യമുള്ളതാകയാൽ കൗൺസലിംഗിനു വിധേയരാകാതെ വിവാഹത്തിലേർപ്പെടരുത്.

കൗൺസലിംഗ് സേവനത്തിന്
സി.ജി.ഐ കൗൺസലിംഗ്
ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുക
പാസ്റ്റർ. ജോൺസൺ
ഡാനിയേൽ - 9447799659
സൂസി ജോൺസൺ - 9495989659

## നിത്യതയിലേക്ക്



**പന്തളം:** കേരളത്തിലെ പെന്തക്കോസ്ത് പ്രവർത്തനങ്ങളുടെ പ്രാരംഭകാല പ്രവർത്തകരിൽ ഒരാളായിരുന്ന പരേതനായ കുറ്റൂർ കുട്ടിയച്ചന്റെ മകൻ ഇവാ. പി.എൻ ശാമുവേൽ (72) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാര ശുശ്രൂഷ പന്തളം ഇൻഡ്യാ പെന്തക്കോസ്ത് മാന്തുക സഭാ സെമിത്തേരിയിൽ നടന്നു. ഭാര്യ: മേഴ്സി മക്കൾ: നൈനാൻ കൊടിയാട്ട് (യു.എസ്.എ), ജേക്കബ് കൊടിയാട്ട് (ക്യാനഡ). മരുമക്കൾ: ജെസ്സി (യു.എസ്.എ),ജോളി (ക്യാനഡ)



**തിരുവല്ല:** മഞ്ഞാടി ഗ്രേസ് വില്ലയിൽ ഇവാ: റ്റി.സി വർഗീസിന്റെ ഭാര്യയും ചർച്ച് ഓഫ് ഗോഡ് ടൗൺ സഭാംഗവുമായ അന്നമ്മ വർഗിസ് (അമ്മിണി 74) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ ദൈവ സഭാ അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി മാത്യൂസ് നിർവ്വഹിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ ജോസ് ബേബി ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ കെ.വി.ജോയിക്കുട്ടി, പി.ജെ ജയിംസ്, ഷിബു കെ മാത്യു, റ്റി.എ ജോർജ്, പി.പി കുര്യൻ, സജു പി തോമസ്, തുടങ്ങി അനേക കർത്തൃ ദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ: മിനി(കാനഡ), ഫിന്നി(യു.എസ്.എ), ഷൈനി(കാനഡ). മരുമക്കൾ: പാസ്റ്റർ സാമുവേൽ മത്തായി, മേഴ്സി, ചെറിയാൻ ജോർജ്.



**കോന്നി:** വകയാർ ചർച്ച് ഓഫ് ഗോഡ് അംഗവും പടപ്പയ്ക്കൽ പുത്തൻ വീട്ടിൽ മാത്യുതോമസ് (രാജൻ) ലീലാമ്മ ദമ്പതികളുടെയും മകനുമായ റിബിൻ തോമസ് (19) നിത്യതയിൽ പ്രവേശിച്ചു. കൊന്നപ്പാറ വി.എൻ.എസ്.കോളേജിലെ ഒന്നാം വർഷ ബികോം വിദ്യാർത്ഥിയായിരുന്നു. സംസ്കാര ശുശ്രൂഷ ദൈവ സഭ അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി മാത്യൂസ് നിർഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ. വി.എ തോമസ് നേതൃത്വം നൽകി. പാസ്റ്റർമാരായ ജോസ് ബേബി, തോമസ് ജോർജ്ജ്, തോമസ് മാത്തൻ, സണ്ണി ഫിലിപ്പ്, ജെ.ജോൺസൺ, ജെയ്സ് പാണ്ടനാട് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. സഹോദരൻ: റിജോ തോമസ്.



**മാലക്കര:** നീർവിളാകം പേരയിൽ പരേതനായ വർഗ്ഗിസിന്റെ ഭാര്യയും കുറിച്ചുിമുട്ടം തേവിരേത്ത് കുടുംബാഗവുമായ തങ്കമ്മ വർഗിസ്(75) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ കുറിച്ചി മുട്ടം ദൈവസഭയുടെ ചുമതലയിൽ മാലക്കര ദൈവസഭാ സെമിത്തേരിയിൽ ദൈവസഭാ അസിസ്റ്റൻന്റ് ഓവർസിയർ പാസ്റ്റർ പി.ജി മാത്യൂസ് നിർവ്വഹിച്ചു. പാസ്റ്റർമാരായ, ജോസ് ബേബി, ജെ ജോസഫ്, കെ.റ്റി വർഗിസ്, ഷിബു കെ മാത്യു, മാത്യു ലാസർ, പി.എസ് ജോയി, എബ്രഹാം സ്കറിയ, അനിൽ കൊടിത്തോട്ടം, ബ്രദർ ജോജി ഐപ്പ് മാത്യുസ്, എം.വി ഫിലിപ്പ്, ജോർജ് ഫിലിപ്പ് തെക്കേക്കര, പ്രഫ എം.കെ സാമുവേൽ, സിസ്റ്റർ അന്നമ്മ കുഞ്ഞപ്പി എന്നിവർ ദൈവ വചനം ശുശ്രൂഷിക്കയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ: മോനി വർഗിസ്(ദോഹ), ബെഞ്ചി വർഗിസ് (യു.എസ്.എ), ബിജി വർഗിസ് (റാന്നി), മരുമക്കൾ; ഗ്രേസ് ഐവേലിൽ (ദോഹ), ലിസി കണിക്കളത്ത് (യു.എസ്.എ), പാസ്റ്റർ സാം കുട്ടി മാത്യു (എഡിറ്റർ ബിലിവേഴ്സ് ജേണൽ)

## സ്വാതന്ത്ര്യദിനാഘോഷവും ലഹരി വിരുദ്ധ റാലിയും




*ആറന്മുള എം.എൽ.എ അഡ്വ. ശിവദാസൻ നായർ റാലി ഉത്ഘാടനം ചെയ്യുന്നു. പാസ്റ്റർ തോമസ് എം.,പുളിവേലിൽ സമീപം.*

**പത്തനംതിട്ട:** ചർച്ച് ഓഫ് ഗോഡ് പത്തനംതിട്ട ഡിസ്ട്രിക്ടിന്റെയും യുവജനവിഭാഗത്തിന്റെയും (വൈ.പി.ഇ.) സംയുക്താഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷവും ലഹരി വിരുദ്ധ റാലിയും നടന്നു. പ്രസ്തുത റാലി അഡ്വ. കെ. ശിവദാസൻനായർ എം.എൽ. എ. ജാഥാ ക്യാപ്റ്റൻ വൈ.പി.ഇ. ഓർഗനൈസർ സുനിൽ വർഗ്ഗീസിന് ഫ്ളാഗ് കൈമാറി ഉദ്ഘാടനം നിർവ്വഹിച്ചു. എച്ച്. സലീംരാജ് എ.ഡി.എം. ആശംസ അറിയിച്ചു. ഡിസ്ട്രിക് പാസ്റ്റർ തോമസ് .എം. പുളിവേലിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ. ജെയ്സ് പാണ്ടനാട് പ്രസംഗിച്ചു. പാസ്റ്റർമാരായ ജോസഫ് മാടപ്പള്ളി, കെ.എം. ചെറിയാൻ, പി.എ. രാജൻ, ജോസ് വർഗീസ്, തോമസ് മാത്യു, ജെ. മോനച്ചൻ, ബ്രദർ സി.എം. മാത്യു എന്നിവർ റാലിക്ക് നേതൃത്വം നല്കി.

# ഡിസ്ട്രിക്ട് ഭാരവാഹികൾ

**പുത്തൻ കുരിശ്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ പുത്തൻ കുരിശ് ഡിസ്ട്രിക്ടിന്റെ ഭാരവാഹികളെ ഡിസ്ട്രിക്ട് പാസ്റ്റർ എം.ഇ മത്തായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തിരഞ്ഞെടുത്തു. പാസ്റ്റർ എം.ഇ മത്തായി (പ്രസിഡന്റ്), ബ്രദർ ജയിംസ് പുലിക്കോട്ടിൽ(സെക്രട്ടറി), ബ്രദർ തോമസ് ജോർജ് (ട്രഷറാർ), ബ്രദർ തോമസ് ആലക്കൽ (കമ്മറ്റി അംഗം), പാസ്റ്റർ ഷിനു മാനുവേൽ(ഗോസ്പൽ ടിം സെക്രട്ടറി), പാസ്റ്റർ ജോർജ് ശാമുവേൽ (സൺഡേസ്കൂൾ ഇൻസ്പെക്ടർ), സിസ്റ്റർ ഗ്രേസി മത്തായി (എൽ.എം.ഓർഗനൈസർ), പാസ്റ്റർ സജി തോമസ് (വൈ.പി.ഇ ഓർഗനൈസർ) എന്നിവരെയാണ് തിരഞ്ഞെടുത്തത്.

# റീമാ പുസ്തക മേള

**തിരുവല്ല:** റീമാ പബ്ലീഷേഴ്സിന്റെ 13-ാം വാർഷികത്തോടനുബന്ധിച്ചുള്ള പുസ്തകമേള സെപ്റ്റംബർ1 മുതൽ30വരെ തിരുവല്ല പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ ആരംഭിച്ചു. രാവിലെ 10 മണിക്ക് ഡയറക്ടർ. പാസ്റ്റർ. സി.പി മോനായിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മുൻ കേന്ദ്ര മന്ത്രി പ്രൊഫ.പി.ജെ കുര്യൻ എം.പി ഉദ്ഘാടനം നിർവ്വഹിച്ചു. വാർഷിക സമ്മേളനം 30-ാംതീയതി 3 മണിക്ക് തിരുവല്ല വൈ.എം.സി.എ ഹാളിൽ നടക്കും. പുസ്തകങ്ങൾക്ക് 70% വരെ ഡിസ്കൗണ്ട് ലഭിക്കും.

# ഏകദിന സെമിനാർ

**കൊട്ടാരക്കര:** വൈ.പി.ഇ കൊട്ടാരക്കര മേഖല ഏകദിന സെമിനാർ സെപ്റ്റംബർ 24-ാം തീയതി രാവിലെ 9.30 മുതൽ 4.30 വരെ കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരിയിൽ വെച്ച് നടക്കും. കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേക കൗൺസിലിംഗും ക്ലാസ്സുകളും ഉണ്ടായിരിക്കുന്നതാണ്. ഡോ.ജെയ്സൺ തോമസ്, ഡോ.ജെസ്സി ജെസ്സൺ, പാസ്റ്റർ ജോൺസൺ ദാനിയേൽ, സിസ്റ്റർ സൂസി ജോൺസൺ എന്നിവർ ക്ലാസ്സുകൾ നയിക്കും. ഈ യോഗങ്ങൾക്ക് കൊട്ടാരക്കര മേഖലാ വൈ.പി.ഇ കോർഡിനേറ്റർ പാസ്റ്റർ ബിജു ബി ജോസഫ് നേതൃത്വം നൽകുന്നതാണ്.

# ദ്വിഭാഷ സ്റ്റഡി ബൈബിൾ പ്രകാശനം ചെയതു

**തിരുവല്ല:** സത്യം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന ഹിന്ദി-ഇംഗ്ലീഷ് ദ്വി ഭാഷ സ്റ്റഡി ബൈബിൾ (ഫോറിൻ എഡിഷൻ) അമേരിക്കയിലെ ഡിട്രോയിറ്റിൽ നടന്ന ചടങ്ങിൽ പി.റ്റി ഫിലിപ്പിന് നൽകി കൊണ്ട് ഐസക്ക് മണ്ണൂർ പ്രകാശനം ചെയ്തു. പ്രസ്തുത ചടങ്ങിൽ സത്യം മിനിസ്ട്രീസ് ചെയർമാൻ ഡോ: സി.വി. വടവന സന്നിഹിതനായിരുന്നു. ഇംഗ്ലീഷിലെ ഏറ്റവും ആധികാരികവും ആധുനികവുമായ ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ അപ്ഡേറ്റഡ് എഡിഷൻ ആണ് ഈ ദ്വി ഭാഷ ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്.

# ഡിസ്ട്രിക്റ്റ് ഭാരവാഹികൾ

**പത്തനംതിട്ട :** സി.ഇ.എം. പത്തനംതിട്ട ഡിസ്ട്രിക്റ്റ് 2011 - 12 വർഷത്തെ ഭാരവാഹികളായി പാസ്റ്റർമാരായ സാബു ഫിലിപ്പ് (പ്രസിഡന്റ്), എ. നെൽസൺ (വൈസ് പ്രസിഡന്റ്), ഇവാ. ജോൺ പി. തോമസ് വെണ്ണിക്കുളം (സെക്രട്ടറി), ബ്രദർ ജീസൺ കെ. ദാനിയേൽ (ജോ. സെക്രട്ടറി), ബ്രദർ സുനിൽ പാലവിളയിൽ (ട്രഷറർ) എന്നിവരെയും കമ്മറ്റി അംഗമായി ബ്ലസൻ ജോർജ്ജിനെയും തെരഞ്ഞെടുത്തു.


## ഡ്രൈവറെ ആവശ്യമുണ്ട്

**ആംബുലൻസ് ഓടിക്കുവാൻ ഡ്രൈവറെ ആവശ്യമുണ്ട്. ലൈസൻസും ബാഡ്ജും ഉള്ളവർ ബന്ധപ്പെടുക, താമസ സൗകര്യവും ഭക്ഷണവും സൗജന്യം.**

**ഫോൺ: 9447104720, 9961635454**


# ഇൻസെന്റീവ് കോഴ്സ്

**മുളക്കുഴ:** ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റ് തെക്കൻ മേഖലയിലെ കർത്തൃശുശ്രൂഷകന്മാർക്കുവേണ്ടിയുള്ള ഇൻസെന്റീവ് കോഴ്സ് 2011 സെപ്റ്റംബർ 22-24 ദിവസങ്ങളിൽ വലിയതുറ ദൈവസഭയിൽ വച്ച് നടക്കും.

**മുളക്കുഴ :** ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റിലെ കാസർകോഡ്, കണ്ണൂർ, പയ്യന്നൂർ, വയനാട്, എടക്കര, കോഴിക്കോട്, നിലമ്പൂർ എന്നീ ഡിസ്ട്രിക്കുകളിലെ കർത്തൃശുശ്രൂഷകന്മാർക്കായുള്ള ഇൻസെന്റീവ് കോഴ്സ് ഒക്ടോബർ 27, 28 (വ്യാഴം, വെള്ളി) ദിവസങ്ങളിൽ കണ്ണൂർ പരിയാരം മൗണ്ട് പാറാൻ ബൈബിൾ സെമിനാരിയിൽ വച്ച് നടക്കും. റവ. ജോർജ്ജ് സാംകുട്ടി (യു.എസ്.എ.)യെ കൂടാതെ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ പാസ്റ്റർ പി. സി. ചെറിയാൻ എന്നിവർ ക്ലാസ്സുകൾ നയിക്കും.

# നിയമിതനായി



**ഷാർജ:** ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഷാർജയുടെ സഭാ ശുശ്രൂഷകനായി പാസ്റ്റർ ജോൺ മാത്യുവിനെ ദൈവസഭയുടെ യു.എ.ഇ. നാഷണൽ ഓവർസിയർ റവ. കെ.ഒ മത്യു നിയമിച്ചു. പത്തനംതിട്ട, തേക്കുതോട് സ്വദേശിയായ ഇദ്ദേഹം ഗൾഫിൽ ജോലിയിലായിരിക്കുമ്പോൾ രക്ഷിക്കപ്പെടുകയും ദൈവവേലക്കായി സമർപ്പിക്കുകയും ചെയ്തു. ഗൾഫിലുള്ള ഗിൽഗാൽ ബൈബിൾ സ്കൂളിൽ വേദ പഠനം പൂർത്തിയാക്കി.ഭാര്യ റെയ്സി, മക്കൾ,അമൽ, ആൽബി.

# കള്ളത്തൂലിക

**സത്യാന്വേഷി**

അഭിനയത്തിന്റെ ഇതിഹാസം രചിച്ച ചാർളി ചാപ്ലിന്റെ ഒരു ചലച്ചിത്രത്തിൽ തിരക്കുപിടിച്ച ഒരു കഥാപാത്രത്തെ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. ഷേവിംഗ് ക്രീം മുഖത്ത് പതിപ്പിക്കുകയും പല്ലുതേക്കുകയും ഇങ്ങനെ ഒരു നേരം രണ്ട് ജോലികൾ ചെയ്യവെ ടൂത്ത് ബ്രഷ് മുഖത്തും ഷേവിംഗ് ക്രീം വായ്ക്കുള്ളിലും ആയിപ്പോകുന്നു. ഏറെ രസകരമായ ഈ രംഗം ഇന്ന് കേരളത്തിലെ ക്രൈസ്തവ മാധ്യമരംഗത്ത് കാണാൻ കഴിയും. എല്ലാ പത്രത്തിലും എഴുതുകയും വേണം. ആശയമൊട്ടില്ലതാനും. അങ്ങനെ വരുമ്പോൾ ഒരു പത്രത്തിൽ കൊടുത്തത് തലക്കെട്ട് മാറ്റി അടുത്ത പത്രത്തിൽ കാച്ചുന്ന വിരുതന്മാർ ഇന്ന് സജീവമാണ്. മറ്റുള്ളവരുടെ പേരിൽ ലേഖനങ്ങൾ എഴുതി കാശുവാങ്ങുന്ന കൂലി എഴുത്തുകാരും കെട്ടുകണക്കിനുണ്ട്. എഴുതാൻ നേരമില്ലെങ്കിൽ എഴുതാതിരുന്നാൽ പോരെ ഈ വിടുവേല ചെയ്യേണ്ട കാര്യമുണ്ടോ? വിശുദ്ധന്മാർ കാട്ടിക്കൂട്ടുന്ന ഈ കള്ളത്തരത്തിനിടയിൽ വ്യാകുലനായി ഒരു സത്യാന്വേഷി.

# നിയമിതനായി



**ന്യൂയോർക്ക്:** ഡാളസ് ഐ. പി.സി ഹെബ്രോൻ സഭയുടെ പാസ്റ്ററായിരുന്ന പാസ്റ്റർ ജോർജ്ജ് മോനച്ചൻ ന്യൂയോർക്ക് എൽമണ്ടിലെ ശാലോം പെന്തക്കോസ്തൽ ടാബർനാക്കിൾ സഭയുടെ ശുശ്രൂഷകനായി ചുമതലയേറ്റു. ആഗസ്റ്റ് ഏഴിന് ഞായറാഴ്ച നടന്ന ആരാധനയിൽ പാസ്റ്റർ മാത്യു സാമുവേൽ നിയുക്ത ശുശ്രൂഷകനെ സമർപ്പിച്ച് പ്രാർത്ഥന നടത്തി സഭാപരിപാലനത്തിനു വേണ്ടി നിയോഗിച്ചു. സഭയുടെ സഹശുശ്രൂഷകന്മാർ ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു. സഭാ സെക്രട്ടറി മോൻസി ജോർജ്ജ്, ബ്രദർ കുഞ്ഞുമോൻ സാമുവൽ, സോണി വർഗ്ഗീസ് എന്നിവർ ആശംസകൾ നേർന്നു. പാസ്റ്റർ ജോർജ്ജ് മോനച്ചന്റെ ഫോൺ: 972 904 0994.

1-ാം പേജ് തുടർച്ച

# ശുശ്രൂഷകന്മാരുടെ നിലപാടുമാറ്റം ജനത്തെ വഴിതെറ്റിക്കുന്നു

കളിലും ഈ പ്രവണത പ്രബലമാവുന്നു. ഈ രീതിയിൽ തിരുമേശ കൊടുക്കുന്ന പെന്തക്കോസ്ത് മലയാളി പാസ്റ്റർമാർ ഉണ്ടെന്ന് വെളിപ്പെടുത്തുന്നത് വായനക്കാർക്ക് ആശ്ചര്യമാകും. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകപ്പോലും വേണ്ട, തിരുമേശയിൽ പങ്കെടുക്കാം എന്നത് ലജ്ജാകരമാണ്.ദൈവവചനത്തിന് യാതൊരു ബന്ധവുമില്ലാത്ത പാശ്ചാത്യ സംസ്ക്കാരങ്ങൾക്കും രീതികൾക്കും സഭയെ ഏല്പിച്ച് കൊടുക്കുന്നത് അപകടമാണ്. പാശ്ചാത്യ നാട്ടിലെ മലയാളി വിശ്വാസികളുടെ മക്കൾക്ക് ഇന്ന് മാതാപിതാക്കൾ അടിമകളായി മാറി. മാതാപിതാക്കന്മാരുടെ ക്രൈസ്തവ മൂല്യങ്ങളെ കാറ്റിൽ പറത്തി ദൈവസഭയുടെ സൗന്ദര്യവും, ക്വാളിറ്റിയും ഇല്ലാതാക്കുന്നത് മലയാളി ദൈവമക്കളുടെ തലമുറയാണ്.

ജനത്തിന്റെ സ്വഭാവങ്ങൾക്കും രീതികൾക്കും അനുസരിച്ച് ദൈവവചന പ്രമാണത്തിന് മാറ്റം വരുത്തുന്നവർ ന്യായാസന കോടതിയിൽ നിന്നും രക്ഷപ്പെടുമോ? നിസ്തുല്യ മണവാട്ടിയെ ദൈവവചനമാകുന്ന തുക്കുകട്ടയും അളവുകോലും വെച്ച് ശുശ്രൂഷകർ പണിതിരുന്നു. എന്നാൽ ഇന്ന് വിളിയും തിരഞ്ഞെടുപ്പും ലഭിച്ച ശുശ്രൂഷകന്മാർ, ദൈവവചനത്തിലുള്ള ശക്തിയും ഊർജ്ജവും (Commanding Power) നഷ്ടപ്പെട്ട് ഉണക്ക അസ്ഥികളായി മാറിക്കൊണ്ടിരിക്കുന്നു. ആൾക്കൂട്ടം സഭയിൽ ഉണ്ടാകുവാനും സാമ്പത്തികം സഭയിൽ വർദ്ധിപ്പിക്കുവാനും വേണ്ടി വഴി തെറ്റി പോകുന്ന തലമുറ പറയുന്നതെന്തായാലും, അതിനെ അംഗീകരിക്കുകയാണ് ഏറിയ പങ്കും. വിശുദ്ധിയുടെയും വേർപാടിന്റെയും ഉപദേശം പ്രസംഗിക്കാതെ അനുഗ്രഹത്തിന്റെ വചനങ്ങൾ മാത്രം പ്രസംഗിച്ച് ദൈവസഭ എന്ന ക്രിസ്തുവിന്റെ ഗാത്രത്തെ വികലമാക്കുന്നു. വചനത്തോട് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ല. അങ്ങനെ ചെയ്യുന്നവർ ഈ വചനത്തിൽ എഴുതിയിരിക്കുന്ന ശാപങ്ങൾക്ക് അടിമയാകും എന്നുള്ള ദൈവവചനം പലരും മറക്കുന്നു. ജനത്തിന്റെ ജീവിത രീതി, നടപ്പ്, സ്വഭാവം അങ്ങനെയും ആകാം, ഇങ്ങനെയും ആകാം എന്ന നില പാടില്ല. സഭാ ശുശ്രൂഷകൻ ദൈവവചനത്തിൽ ചാഞ്ചല്യമില്ലാതെ ദൈവവചനം യഥാർത്ഥ്യമായി ഉപദേശിക്കുന്നവരായിരിക്കണം. ജനത്തെ നേർവഴിക്ക് നടത്താനാവുന്നില്ലെങ്കിൽ സഭാ ശുശ്രൂഷയിൽ നിന്നും മാറി നിൽക്കുന്നതാവും ഉചിതം. കഠിനമായ ശിക്ഷ ദൈവത്തിൽ നിന്ന് ഏറ്റു വാങ്ങുന്നതിനെക്കൾ നല്ലത് അതാണ്. എന്നിട്ട് സുവിശേഷ പ്രവർത്തനങ്ങൾ നടത്തുക.

Event Co-ordinator ശുശ്രൂഷ നിയന്ത്രിക്കുന്ന ദുഃഖകരമായ അവസ്ഥ മറ്റൊരു ശാപമാണ്. വിശ്വാസ സ്നാനം പോലും സ്വീകരിക്കാത്തവൻ പെന്തക്കോസ്ത് സഭയുടെ പാസ്റ്റർ! എത്ര ലജ്ജാകരം'പാസ്റ്റർ' ഇങ്ങനെയുള്ളവനെങ്കിൽ സഭാ വിശ്വാസികളുടെ കാര്യം എടുത്ത് പറയേണ്ടതില്ല. 10 മുതൽ 50 വർഷത്തെ ശുശ്രൂഷ പരിചയമുള്ള അഭിഷിക്തമാരെ നോക്കുകുത്തികളാക്കി Event co-ordinator ആത്മീക ശുശ്രൂഷ നിയന്ത്രിച്ച് പരിപാവനമായ ശുശ്രൂഷകളെ വികലമാക്കുന്ന ഈ പൈശാചികത്വത്തിനെതിരെ അഭിഷിക്ത ദൈവദാസന്മാർ ശബ്ദം ഉയർത്തണം. ക്രിസ്തീയ ശുശ്രൂഷകൾ പാവനമാണ്, ഗൗരവമുള്ളതാണ്. ദൈവീക ശുശ്രൂഷകളും, ഉപദേശങ്ങളും, വികലമാക്കി പരിശുദ്ധത്മാവിന് ഇടം ഇല്ലാത്ത ഒരു ചടങ്ങാക്കി മാറ്റിയ സാഹചര്യം എന്തായിരുന്നാലും തിരുത്തണം. കർശനമായ നിലപാട് ദൈവദാസന്മാർ സ്വീകരിക്കണം. പാശ്ചാത്യ രാജ്യത്തിലെ പ്രത്യേകിച്ച് അമേരിക്കയിലെ കർത്തൃ വേലക്കാർ എത്രയും വേഗം ഒന്നിച്ച് PCNAK പോലെ കർത്തൃ ശുശ്രൂഷകന്മാർക്ക് മാത്രമായി ഒരു കോൺഫറൻസ് ആരംഭിക്കണം. ഈ വിധ കാര്യങ്ങൾ അവിടെ ചർച്ച ചെയ്യപ്പെടണം. ക്രമം തെറ്റിയതും ദൈവദാസന്മാരെ അവഗണിക്കുന്നതും, വികലമാക്കപ്പെടുന്നതുമായ സകലകാര്യങ്ങളും ചർച്ച ചെയ്ത് കൂട്ടായ തീരുമാനമെടുക്കണം, ഇന്നത്തെ നിലയിൽ പോകരുത് പോയാൽ അത് ആപത്താണ്. ഇന്നത്തെ വഴി തെറ്റുന്ന പെന്തക്കോസ്തിൽ നിന്ന് ഒരു വിശുദ്ധ പെന്തക്കോസ്തു വേർപ്പെട്ടു വരണം. അമേരിക്കയിലെ ആദ്യ Holiness Church Of God ആഭരണം ധരിക്കുന്നവർ അല്ലായിരുന്നു. ഉപദേശം പറഞ്ഞ് പ്രസംഗിച്ചാൽ പ്രസംഗം ശരിയാകത്തില്ല ഉപദേശം പറയാതെ എന്തെങ്കിലും ഒക്കെ പറഞ്ഞ് ഇളക്കിയാൽ നല്ല പ്രസംഗമായിരുന്നു. ഈ കാഴ്ചപ്പാടിന് മാറ്റം വരണം ശുദ്ധിയുടെ ഉപദേശം പറയുന്നിയിടത്ത് ജനം ശുദ്ധമാകും. 1997-ൽ അമേരിക്കയിലെ ചിക്കാഗോയിൽ ഒരു യോഗത്തിൽ 'വേർപാട്' എന്ന വിഷയം പ്രസംഗിച്ചു കൊണ്ടിരുന്നപ്പോൾ ആഭരണ ധാരിയായ ഒരു സഹോദരി പ്രസംഗം കേട്ടു കൊണ്ടിരുന്നപ്പോൾ തന്നെ ആഭരണം മാറ്റി. പരിശുദ്ധാത്മാവ് നിർബന്ധിച്ചു എന്നാണ് ആ സഹോദരി സാക്ഷ്യം പറഞ്ഞത്. ആഭരണ ധാരണം പരിശുദ്ധാത്മാവിന് ഇഷ്ടമല്ല എന്ന നിലയിൽ ആയിരമായിരം സാക്ഷ്യങ്ങൾ കേട്ടിട്ടുണ്ട് ഇന്നും കേൾക്കുന്നു. ഉപദേശം ഇല്ലാത്തിടത്ത് ജനം മര്യാദകെട്ട് നടക്കുന്നു. വികലമായ (Shapless) മണവാട്ടിയെ സ്വീകരിക്കുവാൻ പതിനായിരങ്ങളിൽ അതി സുന്ദരനായ യേശു വരുന്നില്ല. കുത്തഴിഞ്ഞതും, നേതൃത്വം ഇല്ലാത്തതും ആർക്കും ആരും കീഴ്പ്പെടാത്തതുമായ കുറേ മിനിസ്ട്രിക്കാരും സ്വതന്ത്രന്മാരും ഒക്കെ സ്വാർത്ഥതയിൽ എന്തെങ്കിലും ഒക്കെ കാട്ടി കൂട്ടുന്ന ഒരു രംഗമായി ഇന്ന് പാശ്ചാത്യ പെന്തക്കോസ്ത് മാറിക്കൊണ്ടിരിക്കുന്നു. യുവതലമുറയെ ആരാധനാ വിഷയത്തിൽ തങ്ങളിൽ നിന്ന് വേർപെടുത്തിയാൽ മാതാപിതാക്കളും ദൈവദാസന്മാരും കുറ്റക്കാരാണ്. കോൺഫറൻസുകളിൽ വിശുദ്ധ സഭായോഗങ്ങളിൽ എങ്കിലും മാതാപിതാക്കളും മക്കളുമായി ഒന്നിച്ച് ആരാധിക്കുവാനും, കർത്തൃ മേശ ഒന്നിച്ച് അനുഭവിക്കുവാനും കഴിയണം. ആത്മീയ കാര്യങ്ങളെക്കാൾ പ്രശസ്തിക്കും മറ്റും മുൻതൂക്കം കൊടുക്കുന്ന പ്രോഗ്രാമുകൾ ഇന്ന് നടക്കുന്നു. ഇതൊക്കെ പുനപരിശോധിക്കേണ്ടിയിരിക്കുന്നു.പാശ്ചാത്യ സംസ്കാരം ബൈബിൾ സംസ്കാരമല്ലായി ആരും കണക്കാക്കരുത്. തിരുവചന പരമായി നേർവീഥിയിൽ സഞ്ചരിക്കുക. കാലത്തിന്റെ വഴുവഴുപ്പുകളിൽ സഭതന്നി വീഴാതിരിക്കട്ടെ.

# ഏകദിന സെമിനാർ

**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കുമ്പനാട് ഡിസ്ട്രിക്ടിന്റെ എൽ.എം., വൈ.പി.ഇ, സണ്ടേസ്കൂൾ എന്നിവയുടെ ആഭിമുഖ്യത്തിൽ കുമ്പനാട് ദൈവസഭ ഹാളിൽ വെച്ച് ഏകദിന സെമിനാർ നടത്തി. ഡിസ്ട്രിക്ട് പാസ്റ്റർ പി.എൻ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.തിമോഥി ഇൻസ്റ്റിറ്റ്യൂട്ട് നയിച്ച ക്ലാസ്സിൽ ഡോ.ജെസ്സി ജെയ്സൺ, പാസ്റ്റർമാരായ റെജി മൂലേടം, പ്രിൻസ് ജോൺ, ബ്രദർ ജോൺസൺ ജേക്കബ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. തിമോഥി ഇൻസ്റ്റിറ്റ്യൂട്ട് ഇൻസ്ട്രക്ടർമാരായ ഇവാ: ഷാലു, സാംസൺ, ജയപ്രകാശ് എന്നിവർ കുട്ടികളുടെ സെക്ഷനുകൾക്ക് നേതൃത്വം നൽകി. ഈ യോഗങ്ങൾക്ക് പാസ്റ്റർ സാം പോൾ, ബ്രദർ ബ്ലസിൻ ജോൺ മലയിൽ, സിസ്റ്റർ അന്നമ്മ ജേക്കബ്, പാസ്റ്റർമാരായ സജി എബ്രഹാം,മോൻസി തോമസ്, ജേക്കബ് മാത്യു, ഷൈജു തോമസ് എന്നിവർ നേതൃത്വം നൽകി.

# പതിനേഴാമത് ദൈവസഭാ സമ്മേളനം ന്യൂജേഴ്സിയിൽ

1-ാം പേജ് തുടർച്ച

മറിയാമ്മ രാജൻ - സെക്രട്ടറി, ജയിനമ്മ ഫിലിപ്പോസ് - ട്രഷറാർ, സാലി ബഞ്ചമിൻ - NER. Rep., അച്ചാമ്മ ചാക്കോ - SWR. Rep. കൂടാതെ സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിലേക്കു പാസ്റ്റർ രാജൻ സഖറിയാ ലോക്കൽ കൺവീനർ ആയി പ്രവർത്തിക്കുന്ന കമ്മിറ്റിയിലേക്ക് വിവിധ സബ്കമ്മറ്റികളെ തിരഞ്ഞെടുക്കുകയുണ്ടായി.

**യുഗാന്ത്യസന്ദേശത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം എഴുത്തുകാർക്ക് മാത്രമുള്ളതായിരിക്കും.**

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2011 September

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

സമകാലികം

## ഒന്നു തൊടുവാൻ.......... മോഹിച്ചു കൊണ്ട്!



ക്രിസ്റ്റി പി. ജോൺ, പള്ളിക്കുന്നേൽ

**ലൈം**ഗീക മോഹങ്ങളുടെ കൊടുങ്കാറ്റുകൾക്ക് ദിശാ ഭ്രംശമേൽക്കുന്ന രാവുകൾ.......... പങ്കാളികൾ കേവലം ഉപകരണങ്ങളായി പരിണമിക്കുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശങ്ങൾ........ സ്വയഭോഗ ഉപകരണങ്ങൾ പച്ചക്ക് വിൽക്കുവാൻ തയ്യാറെടുക്കുന്ന സൂപ്പർ മാർക്കറ്റുകൾ...സ്വവർഗ രതിക്ക് നിയമത്തിന്റെ സുരക്ഷിത പൂമെത്തകൾ..... വിരൽ തുമ്പിൽ ഇഷ്ടമുഖത്തിന്റെ നിഗൂഢതാ പ്രദർശനങ്ങൾ.. മേൽക്കൂരയില്ലാത്ത ഓലമറക്കും ക്യാമറ ഫെസിലിറ്റി...... കൗമാരത്തിന്റെ അകത്തുടിപ്പുകൾക്ക് ബ്ലുടുത്തിന്റെ പിന്തുണകൾ......! നമ്മുടെ ലൈംഗിക സംസ്കാരങ്ങൾക്ക് ആഘാതങ്ങൾ ഏറുന്നു.

കരുത്തിന്റെ അശ്വമേധങ്ങൾക്ക് കിതപ്പേറുന്നതിനാൽ ലൈംഗികോത്തേജന മരുന്ന് വിപണനവും തകൃതമാവുന്നു. എസ്സ്.എം.എസ്സുകൾ സജീവമായത്തോടെ പൈങ്കിളി സാഹിത്യത്തിന്റെ പ്രേതവും ദ്രവിച്ചുപോയി. മൃഗങ്ങൾക്കൊപ്പം കിടക്ക പങ്കിടുന്ന പാശ്ചാത്യ സംസ്കാരം നമ്മുടെ നാട്ടിൽ സ്വവർഗ്ഗ രതിയായ് മുന്നേറുന്നു. സ്ത്രീ വേശ്യകൾ സജിവമായിരുന്ന ചുവന്ന തെരുവുകൾക്ക് മാർക്കറ്റിടിവ് സംഭവിച്ചു തുടങ്ങി. പുരുഷകാമികൾ ദിനം പ്രതി വർദ്ധിക്കുന്നു. പുരുഷന്മാരുടെ സീറ്റിൽ ഒന്നിലധികം പുരുഷന്മാർക്ക് യാത്ര അരുതെന്ന് എഴുതിവെയ്ക്കേണ്ട സമയം കഴിഞ്ഞു.13 വയസ്സു മുതൽ പ്രായമുള്ള ആൺകുട്ടികൾക്കാണ് ഇന്ന് മുൻഗണന. ഹോർമോണുകൾ കുത്തിവെച്ച് പ്രായപൂർത്തിയെത്തും മുൻപ് ആൺകുട്ടികളെ പകുതി പെൺകുട്ടികളാക്കുന്ന മൃഗീയ സമീപനങ്ങൾ ഇന്ത്യയിലും വർദ്ധിക്കുന്നു.



ചോരയും നീരും വറ്റിയ ശേഷം അഴുക്കു ചാലുകളിലും മാലിന്യ കൂമ്പാരങ്ങളിലും വലിച്ചെറിയപ്പെടുന്ന വൃദ്ധ വേശ്യമാരുടെ ഗതിയും ഏറെ ദുഖകരമാണ്. മദ്ധ്യ വയസ്ക്കരാവുന്നതോടെ പുറത്തേക്ക് വരാനാവാതെ ഈ ചാലുകളിൽ ആണ്ടുപോവുന്ന സ്ത്രീകൾ തുടർജീവിതവും ഇവിടെ കഴിച്ച് കൂട്ടുന്നു.ഇവരിൽ ഭൂരിഭാഗവും എച്ച്.ഐ.വി ബാധിതരാണ്.ഇതിനിടയിൽ സംഭവിക്കുന്ന പിഴവുകൾ പല അനാഥ ബാല്യങ്ങൾക്കും ജന്മമേകുന്നു. മുട്ടിലിഴയും കാലം മുതൽ ഈ കുഞ്ഞുങ്ങൾ ഉറങ്ങുന്നത് ഉണരുന്നതും മാംസ കച്ചവടം കണ്ടു കൊണ്ടാണ്. പിന്നെ അവരുടെ ശരീരം ഒരു പെണ്ണാകുന്നതിനു മുന്നമേ കാമയന്ത്രങ്ങളായ് പ്രവർത്തനം തുടങ്ങുന്നു. ഇത് വേശ്യാലയങ്ങളുടെ കണ്ണീർ കഥകൾ. ഇന്ന് സ്ഥിതി ഗതികൾ ഏറെ മാറി കഴിഞ്ഞു, സൈബർ സെക്സാണ് ഇന്നത്തെ ട്രെന്റ്. ഫോണിലൂടെ ലൈംഗീക സംഭാഷണം നടത്തി തദ്ദവസരത്തിൽ സ്വയംഭോഗം ചെയ്ത് സംതൃപ്തി നേടുന്ന രീതിയാണിത്. ഇൻഡ്യൻ യുവത്വത്തിന്റെ ലൈംഗിക താൽപ്പര്യത്തിൽ ഭൂരിഭാഗവും സൈബർ സെക്സിനെ ഇഷ്ടപ്പെടുന്നു. സാങ്കേതിക വിദ്യ അവയവങ്ങളെ സ്പർശിക്കുന്ന, ഇലക്ട്രോണിക്ക് തരഗങ്ങൾ രതി മൂർച്ചയേകുന്ന ഒരു കാലം നമ്മുടെ വീടിനകത്ത് വാഴുന്നു.





ഫോണിലൂടെ കൈവെപ്പ് കൊടുക്കയും ഭൂതത്തെ പുറത്താക്കുകയും ചെയ്യുന്ന സൈബർയുഗ മിനിസ്ട്രി സഭയ്ക്കകത്തും സുശക്തമായിരുന്നു. അദൃശ്യ തരംഗങ്ങൾ ശാരീരിക മേഖലയെയും ആത്മീക മേഖലയേയും നിയന്ത്രിക്കുന്നു.... "കാതോടടുപ്പിക്കുന്ന സെൽഫോണിലൂടെ ഒരു കൈ നീണ്ട് വരുന്നു....." നിങ്ങളെ സ്പർശിക്കാൻ! അത് നമ്മെ കരവലയത്തിലാക്കുമോ?

*നിങ്ങളുടെ അഭിപ്രായങ്ങൾ 9048417533 ലേക്ക് എസ്.എം.എസ്. ചെയ്യുക.*

## ലഹരി വിരുദ്ധ റാലി




*പാസ്റ്റർ എം.ഇ മത്തായി ലഹരിവിരുദ്ധ റാലി ഉദ്ഘാടനം ചെയ്യുന്നു*

**പുത്തൻകുരിശ്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പുത്തൻ കുരിശ് ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ റാലി നടത്തി. ഡിസ്ട്രിക്ട് പാസ്റ്റർ എം.ഇ മത്തായി ഉദ്ഘാടനം ചെയ്ത യോഗത്തിൽ പാസ്റ്റർ മാത്യു ലാസർ ഡിസ്ട്രിക്ടിന്റെ വിവിധയിടങ്ങളിൽ ദൈവവചനം ശുശ്രൂഷിച്ചു. ഡിസ്ട്രിക്ടിലെ പാസ്റ്റർമാരും വിശ്വാസികളും ഈ റാലിയിൽ പങ്കെടുത്തു.

## ചിൽഡ്രൻസ് ഫെസ്റ്റ് സമാപിച്ചു



**കുവൈറ്റ്:** കുവൈറ്റിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ ആഭിമുഖ്യത്തിൽ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ 'ചലോ ഗലീല' അവധിക്കാല വേദ പഠന ക്ലാസ്സ് സമാപിച്ചു. ഖൈത്താൻ കർമ്മേൽ സ്കൂളിൽ വച്ച നടന്ന വി.ബി.എസ്. ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ വർഗീസ് എബ്രഹാം ഉദ്ഘാടനം ചെയ്തു. 450 കുട്ടികൾ പങ്കെടുത്തു. പാസ്റ്റർമാരായ, ടി.എം മാമച്ചൻ, ജോൺസൻ ജോർജ്, ബ്രദർ മാത്യു ദാനിയേൽ, ജോജി ബി ജോൺ എന്നിവർ നേതൃത്വം നൽകി.




വിദേശത്തേക്ക്
തൊഴിലവസരങ്ങൾ

നേഴ്സുമാർ:
G.N.M, B.Sc നേഴ്സിംഗ് 2 വർഷം മുതൽ തൊഴിൽ പരിചയം.
സൗദി, കുവൈറ്റ്, സിംഗപ്പൂർ, മുതലായ
വിദേശരാജ്യങ്ങളിലെ ഹോസ്പ്പിറ്റലുകളിലേക്ക്

ഇലക്ട്രീഷ്യൻ, പ്ലംബർ, വെൽഡർ,
അലൂമിനിയം ഫാബ്രിക്കേറ്റർ, സ്റ്റീൽ ഫാബ്രിക്കേറ്റർ,
ലൈറ്റ് ഡ്രൈവർ,
ഹെവി ഡ്രൈവർ മുതലായ ട്രേഡ് ഉള്ളവരും
ഇല്ലാത്തവരും ബന്ധപ്പെടുക.

ഹൗസ് മെയ്ഡ്, ഹോം നേഴ്സ്, (A.N.M കോഴ്സ്),
ലേഡി ടെയ്‌ലർ, ബേബി സിറ്റർ,
എന്നിവയ്ക്കും ലേഡീസിനെയും ആവശ്യമുണ്ട്.

ALPHA TRAVELS
C.V.P City Tower, T.K. Road, Thiruvalla-689001
Mail: shajijohn35@yahoo.in, Tel: 9645586744

ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

എല്ലാ മാസവും ടൂറുകൾ

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

പ്രത്യേകതകൾ

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

▸▸ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
▸▸ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക

ഫോൺ: 0469 2634321/ 9847166994

കൂടുതൽ വിവരങ്ങൾക്ക്
MARUPPACHA, PLANTHOTTAM COMPLEX,
TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

ADVT./-

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.